PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# ഇടവക പത്രിക

**ക്രിസ്തീയ കുടുംബമാസിക**

RNI Reg.No.: **KER.MAL./2003/10539** പുസ്തകം 5 ലക്കം 1 ഏപ്രിൽ 6 , 2007



**പത്രാധിപസമിതി**

ഫാ. സണ്ണി ചാക്കോ (ചീഫ് എഡിറ്റർ)
ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ (അസ്സോ. എഡിറ്റർ)
കെ. സി. ലോഫ്സൺ (എഡിറ്റർ ഇൻ ചാർജ്ജ്)
അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ (മാനേജിംഗ് എഡിറ്റർ )
സി.വി. ഉക്രുക്കുട്ടി (എക് സി. എഡിറ്റർ )
വിത്സൻ സി.സി. (പ്രിന്റർ & പബ്ലിഷർ)
ഫാ. ഡോ. ജോസഫ് ചീരൻ (റിട്ട. പ്രൊഫ. യു.സി.കോളേജ്, ആലുവ)
ഫാ. എം. വി. പൗലൂസ്, (കോതമംഗലം)
ഫാ.ഡോ.കെ.ടി.മാത്യൂസ്-(റിട്ട. പ്രിൻ.. കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട)
ഡോ. സി. സി. എബ്രഹാം -(റിട്ട. ഡീൻ. അഗ്രി. യൂണി. തൃശ്ശൂർ)
ഡോ. എ. വി.തമ്പി (റിട്ട. പ്രിൻസിപ്പാൾ, മാർത്തോമ്മാ കോളേജ്, ചുങ്കത്തറ)
ഡോ. പി. ഐ. ജോർജ്ജ് (കുറുപ്പമ്പടി, അങ്കമാലി)


**ഉള്ളടക്കം**


1. പത്രാധിപക്കുറിപ്പ് - **ചീഫ് എഡിറ്റർ** 3.
2 ആത്മീയവളർച്ചയും മാനസികാരോഗ്യവും
പ്രൊ. ഇട്ടൂപ്പ് മാത്യു. 4
3. ഹിന്ദുമതചരിത്രം
-ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ 5
4. കുന്നംകുളത്തെ വിളിപ്പേരുകൾ
-അഡ്വ. കെ.വി. താരു ( റിട്ട.) 6
5. സണ്ടെസ്കൂൾ അദ്ധ്യാപകസഹായി.
എം. എസ്. മാത്യു 7
6. ബാലവേദി -**മിനിടീച്ചർ** 8
7. പാലൂർപ്രദേശങ്ങളും ബുക്കാനന്മാരും
- ഫാ. ഡോ. ജോസഫ് ചീരൻ 9
8 സഭയ്ക്കുള്ളിലെ സുവിശേഷവേല
-യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത 11
9 കവിത - **എം.എസ്. മാത്യു** 13
10. ബൈബിൾ പഠനം - **എലിസബത്ത്** 13
11. സണ്ടെസ്കൂൾ പംക്തി -കെ. സി. ലോഫ്സൺ 14
12. കലുഷിത സഭാന്തരീക്ഷത്തെ.........
- സി.വി. മാണിവൈദ്യൻ 15
13. നിഗൂഢലക്ഷ്യത്തോടുകൂടിയ...... കെ.വി. മാമ്മൻ 16
14. സെന്റ് ജോൺ ക്രിസോസ്റ്റത്തിന്റെ പതനം
- ഫാ. ഡോ. എ. ഒ. ജോൺ 17
15. മലങ്കരസഭാചരിത്രത്തിലെ ചെപ്പേടുകൾ -
- ചരിത്ര ഗവേഷകൻ 19
16. വാർത്തകൾ 21



**ഉപദേശക സമിതി**

വെരി.റവ.കെ.സി.ജോസഫ് കോറെപ്പിസ്ക്കോപ്പാ (പഴഞ്ഞി)
വെരി.റവ. വി.കെ.പൗലൂസ് കോറെപ്പിസ്ക്കോപ്പാ (മാന്ദാമംഗലം)
വെരി.റവ.സി.കെ.ജോസഫ് റമ്പാൻ (അരീപ്പാലം)
റവ.ഫാ.ജോയ് പുലിക്കോട്ടിൽ (തൃശ്ശൂർ)
പ്രൊഫ. സി. സി. ഇട്ടൂപ്പ് (സെന്റ് മേരീസ് കോളേജ്, സുൽത്താൻബത്തേരി)
ശ്രീ.കെ.ടി.പാവുണ്ണി (കുന്നംകുളം)
ശ്രീ.എം.എസ്.മാത്യു (കോട്ടപ്പടി)
ശ്രീ. കുഞ്ഞുമോൻ സി. ഐ. (പഴഞ്ഞി)
ശ്രീ. ജോർജ്ജ് സി. ചുങ്കത്ത് (ചൊവ്വന്നൂർ)
ശ്രീ. സന്തോഷ് ചെറിയാൻ (തൃശ്ശൂർ)
ഡോ. വിനോദ് ജോൺ (കൊല്ലം)
ശ്രീ. സി.സി. ചെറിയാൻ, (ചെങ്ങന്നൂർ)



വിലാസം : **ക്രിസ്ത്യൻ സ്റ്റഡി സെന്റർ, കുന്നംകുളം**
പി. ബി. നമ്പർ - **2**, കരിക്കാട് (പി.ഒ.), 680 519
**Ph : 04885 -281231**
email : csckkm@gmail.com.
website : www.idavakapathrika.com
Bank A/c No. : SB 12457, SBT Kunnamkulam


**ഇടവകപത്രിക. വരിസംഖ്യാനിരക്കുകൾ**
**2005 ഏപ്രിൽ 1 മുതൽ**
വാർഷികവരിസംഖ്യ. 100 രൂപ (ഇന്ത്യയിൽ)
വാർഷികവരിസംഖ്യ. 1000 രൂപ (വിദേശങ്ങളിൽ)




PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

പത്രാധിപക്കുറിപ്പ്

# നമുക്കും വേണം ഒരു ഉയിർത്തെഴുന്നേല്പ്

പുനരുത്ഥാനത്തിന്റെ പ്രത്യാശ വിളംബരം ചെയ്തുകൊണ്ട് ഒരു ഈസ്റ്റർ സുദിനം കൂടി സമാഗതമായി. സഹനത്തിന്റെ പാരമ്യം നാം ക്രൂശുമരണത്തിൽ ദർശിക്കുന്നു. എന്നാൽ സഹനവും ത്യാഗവും ദൗർബ്ബല്യമല്ലായിരുന്നുവെന്നും, ദുഃഖവെള്ളിയാഴ്ചയ്ക്കുശേഷം തിന്മയ്ക്കുമേൽ നന്മയുടെ ഉയിർത്തെഴുന്നേല്പിന്റെ ഞായറാഴ്ച ഉണ്ടെന്നുമുള്ള സന്ദേശമാണ് ഈസ്റ്റർ നൽകുന്നതെന്ന് നാം സ്വയം ബോധ്യപ്പെടുകയും സമൂഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

മാറി മാറി വരുന്ന സർക്കാരുകളും, മലങ്കര സഭവിട്ടുപോയി വിവിധ കാലങ്ങളിൽ രൂപം പ്രാപിച്ച അന്യസഭകളും, ട്രസ്റ്റുകളും, സൊസൈറ്റികളും, സഭയുടെ സഹനത്തെ അഥവാ നിഷ്ക്രിയത്വത്തെ ദൗർബ്ബല്യമായി കരുതി. സഭയാകട്ടെ സഹനത്തിന്റെ പാരമ്യം പ്രദർശിപ്പിച്ച് ദുഃഖവെള്ളിയാഴ്ചകളെ മാത്രം സ്വയം വരിച്ചു. എന്നാൽ അത് ഉയിർത്തെഴുന്നേല്പിനുമുമ്പുള്ള ത്യാഗപൂർവ്വമായ കീഴടങ്ങലായിരുന്നുവെന്ന് നമുക്ക് ആശ്വസിക്കാം.

വർഷങ്ങളായി ഉറങ്ങിക്കിടക്കുന്ന നസ്രാണി സിംഹങ്ങളുടെ ഉയിർത്തെഴുന്നേല്പിന്റെ സാധ്യതകൾ തെളിയുന്നുണ്ട്. "നീ ശീതവാനുമല്ല, ഉഷ്ണവാനുമല്ല" എന്ന വെളിപാടു വാക്യം നമ്മെ ചിന്തിപ്പിക്കണം. സ്ഥിരമായി അവഗണനയും, പീഢനങ്ങളും ഏറ്റുവാങ്ങുന്നു, എല്ലാം സഹിക്കുന്നു എന്നുപറയുന്നതൊന്നും ക്രിസ്തീയമാണെന്ന് തോന്നുന്നില്ല. അത് നിർജീവത്വത്തിന്റെ ലക്ഷണമാണ്. ക്രിസ്തു ദുഃഖവെള്ളിയാഴ്ചയെ വരിച്ചത് ഉയിർത്തെഴുന്നേല്പിനു വേണ്ടിയാണ്. "ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം" എന്ന് വി. പൗലോസും പറയുന്നു.

തിന്മയുടെ ശക്തികൾ, അതെത്രവലുതായാലും പ്രതികരിക്കണമെന്നുള്ളതാണ് ക്രിസ്തു ക്രൂശിലൂടെ നമുക്ക് കാട്ടിത്തന്നത്. ത്യാഗം എന്നത് തിന്മയെ ഭയന്ന് കീഴടങ്ങലല്ല. പ്രത്യുത തിന്മക്കെതിരെ പോരാടി ഭവിഷ്യത്തുകളെ ഏറ്റുവാങ്ങലാണ്. അതിനുവേണ്ടി നഷ്ടപ്പെടുത്തുന്നതിന്റെ മഹത്വമാണ്. വലുപ്പമാണ്-ത്യാഗം. നഷ്ടപ്പെടുത്തുവാനോ ത്യാഗം സഹിക്കുവാനോ നാം സന്നദ്ധരല്ല എന്നതാണ് യാഥാർത്ഥ്യം. ബലികൊടുക്കുന്നുണ്ടെങ്കിൽ അത് സഭയുടെ മഹത്വത്തെയാണ്. ഇവിടെയാണ് നമുക്ക് തിരിച്ചറിവുണ്ടാകേണ്ടത്. സ്ഥായിയല്ലാത്ത ആനുകൂല്യങ്ങൾക്കു വേണ്ടി നാം നഷ്ടപ്പെടുത്തുന്നത് സ്ഥായിയായ മഹത്വങ്ങളെയാണ്.

തിന്മയോടു പോരാടുമ്പോൾ നമ്മുടെ ധാർമ്മിക ശക്തിയെ പരിമിതപ്പെടുത്തുന്ന ചില ആഭ്യന്തരപ്രശ്നങ്ങൾ നമ്മുടെ സഭയെ അലട്ടികൊണ്ടിരിക്കുന്നു എന്ന വസ്തുതകൂടി നാം പരിഗണിക്കേണ്ടതായിട്ടുണ്ട്. സഭാ ഗാത്രത്തെ ഗ്രസിച്ചിരിക്കുന്ന ഈദൃശ രോഗങ്ങളെയും, രോഗലക്ഷണങ്ങളെയും കണ്ടെത്തി ചികിത്സിക്കാനുള്ള സ്ഥിര സംവിധാനം നാം ഇനിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. വ്രതനിഷ്ഠയും ആത്മീയ തേജസ്സുമുള്ള പിതാക്കന്മാരും, നിസ്വാർത്ഥമായി സഭയെ സ്നേഹിക്കുന്ന സഹാത്മാക്കളും, ധിഷണാപരമായ വൈദഗ്ദ്യം തെളിയിച്ച് കർമ്മോത്സുകരും, സഭയ്ക്കുവേണ്ടി പിതാക്കന്മാരുടെ ആഹ്വാനം നടപ്പിലാക്കുവാൻ ത്യാഗം സഹിക്കാൻ സന്നദ്ധരായ ഒരു കൂട്ടം വിശ്വാസികളും നമുക്കുണ്ടെന്നുള്ള തിരിച്ചറിവും അവരെ അംഗീകരിക്കാനുള്ള സിദ്ധിയും, ഒരുവേള അവരെ അപമാനിക്കാതിരിക്കാനുള്ള ബുദ്ധിയും ഇനിയും നമുക്കുണ്ടാകണം.

ആത്മീയ നിഷ്ഠകളിലൂടെ സ്ഫുടംചെയ്തെടുത്ത വ്യക്തിത്വത്തിനുടമയായ പ.കാതോലിക്ക ബാവ, ആർജ്ജവത്വമുള്ള വിനയാന്വിതനായ ശ്രേഷ്ഠനിയുക്തബാവ, പുതിയ അസ്സോസിയേഷൻ, പുതിയ മാനേജിംഗ് കമ്മറ്റി, പുതിയ ഭരണ സാരഥികൾ, ഇങ്ങിനെ മാറ്റത്തിന്റെ, ഉയിർത്തെഴുന്നേല്പിന്റെ സാധ്യതകൾ രജതരേഖയായി നമുക്ക് മുന്നിലുണ്ട്.

പ്രത്യാശയുടെയും, പ്രതീക്ഷയുടെയും ഒരു ഉയിർത്തെഴുന്നേല്പ് സഭയുടെ എല്ലാ തലങ്ങളിലും, ഉണ്ടായെങ്കിൽ എന്ന് നമുക്ക് ആശിക്കാം.

ഏവർക്കും നന്മയുടെ ഉയിർത്തെഴുന്നേല്പ് യാഥാർത്ഥ്യമാക്കുവാൻ സർവ്വമംഗളങ്ങളും ആശംസിക്കുന്നു.

എന്ന്

**കുന്നംകുളം,**
**6- 04 - 2007**

ഫാ. സണ്ണി ചാക്കോ
(ചീഫ് എഡിറ്റർ)
04885 - 326848



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# ആത്മീയവളർച്ചയും മാനസികാരോഗ്യവും

പ്രൊ. ഇട്ടൂപ്പ് മാത്യു.

മുൻലക്കം തുടർച്ച........

മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് വളരെയേറെ സഹായിക്കുന്ന ഒരു സ്വഭാവ ഗുണമാണ് സന്തോഷമെന്നും അത് മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാന ആവശ്യമാണെന്നും മനസ്സിലാക്കി. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സന്തോഷത്തോട് കൂടി ജീവിക്കാനാണെന്നും അത് മനുഷ്യന്റെ ഒരു അവകാശമാണെന്നും പഴയനിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് നാം കണ്ടു. പുതിയ നിയമത്തിൽ ഈ വിഷയത്തെപ്പറ്റി എന്താണ് പറഞ്ഞിട്ടുള്ളതെന്ന് പരിശോധിക്കാം.

കർത്താവിന്റെ ജനനം ആട്ടിടയരോട് ആദ്യമായി അറിയിച്ച ദൈവദൂതൻ ഒരു മഹാ സന്തോഷത്തിന്റെ സദ്വാർത്തയാണ് നൽകിയത്. ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. (ലൂക്കോ 2:10,11) ഉയർത്തെഴുന്നേറ്റ കർത്താവിനെ കണ്ടിട്ട് ശിഷ്യൻമാർ സന്തോഷിച്ചു (യോഹ. 20:20) ഭയപ്പെടുത്തുന്ന സാഹചര്യത്തിലും ഭീഷണിയുടെ മധ്യത്തിലും കർത്തൃ സന്നിധിയെപ്പറ്റിയുള്ള ഉറപ്പ് ശിഷ്യന്മാർക്ക് സന്തോഷം നൽകി. തന്റെ ദൗത്യത്തെപ്പറ്റി യേശു പറയുന്നത് എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു. (യോഹ 15:11, 17:13) ഇന്ന്വരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്ക് ലഭിക്കും. (യോഹ 16:24) ദൈവവിശ്വാസം സന്തോഷത്തെ പ്രദാനം ചെയ്യുന്നതായി കാണുന്നു. ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആന്ദിച്ചു. (അപ്പോ. 16:34) വി. പത്രോസ് പറയുന്നു അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു ഇപ്പോൾ കാണാതെ വിശ്വസിച്ചുംകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷപ്രാപിക്കുകയും പറഞ്ഞ് തീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആന്ദിക്കുകയും ചെയ്യുന്നു. (1 പത്രോ. 1:8) വി. പൗലോസ് ഈ ആശയം പലപ്രാവശ്യം ആവർത്തിച്ച് പറയുന്നുണ്ട്. ഒടുവിൽ എന്റെ സഹോദരന്മാരെ കർത്താവിൽ സന്തോഷിപ്പിൻ (ഫിലി. 3:1) ദൈവരാജ്യത്തിലെ പൗരന്മാരാകുവാൻ വിളിക്കപ്പെട്ടവർ സന്തോഷമുള്ളവരായിരിക്കണം. കാരണം ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ. (റോമ 14:17) കർത്താവിന്റെ ശുശ്രൂഷകരെന്ന നിലയിൽ പ്രതികൂല സാഹചര്യങ്ങളിൽ ദു:ഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവരാണ് (2 കോരി 6:10) തങ്ങൾ എന്ന് അവർ അവകാശപ്പെടുന്നു. വീണ്ടും അദ്ദേഹം പറയുന്നു. എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ ആരും തിന്മയ്ക്ക് പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ, തമ്മിൽ തമ്മിലും എല്ലാവരോടും നന്മ ചെയ്തു കൊണ്ടിരിപ്പിൻ, എപ്പോഴും സന്തോഷിപ്പീൻ (1 തെസ്സ 5:15, 16) പരിശുദ്ധാത്മ വ്യാപാരത്തിന്റെ ഫലമാണ് സന്തോഷമെന്ന് ഗലാത്യ ലേഖനത്തിലും പറയുന്നു. (ഗലാ. 5:22) ക്രിസ്തീയ ജീവിതം സന്തോഷത്തിന്റെ ജീവിതമാണല്ലോ, ഇതെല്ലാം സ്പഷ്ടമാക്കുന്നത്.

നാം ഉപയോഗിക്കാറുള്ള ആത്മീയ ഗീതങ്ങളിലും ഈ സംഗതി ഊന്നൽ നല്കി പറയുന്നുണ്ട്. ആഹ്ലാദചിത്തരായ് സങ്കീർത്തനങ്ങളാൽ ദൈവത്തെ വാഴ്ത്തിടുവീൻ (സങ്കീ. 81: 1, 2) ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം കർത്തവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം. എൻ സങ്കടങ്ങൾ സകലതും തീർന്ന് പോയി യേശുവോട് ചേർന്നിരിപ്പതെത്രെ മോദമെ, യേശുവിനായ് ജീവിക്കുന്നതെത്ര ഭാഗ്യമെ, എന്റെ യേശുവിന്റെ തിരുസന്നിധിയിൽ എന്നുമാനന്ദമുണ്ടെനിക്ക്, സന്തോഷം സദാ ഞങ്ങൾ ചിന്തയിൽ വാഴാൻ സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനം ചെയ്യുകെ ദു:ഖം ദാരിദ്ര്യം എന്നിവയ്ക്കുണ്ടോ ശക്തിയെന്മേൽ കൈക്കുപിടിച്ചു നടത്തികൊണ്ട് പോകുന്നവൻ എന്നെ നിന്നിൽ ധന്യനാക്കുവാൻ വന്നിതോ എന്നുള്ളിൽ രാജനായ്, തന്നിതോ നിൻ നീതിയും ദിവ്യമാം സന്തോഷവും നിത്യമാം സമാധാനവും ഈ ഗീതങ്ങളെല്ലാം നാം സാധാരണ പാടാറുള്ളതാണല്ലോ. എന്നാൽ ഇവയിൽ പറഞ്ഞിരിക്കുന്ന കാര്യത്തെപ്പറ്റി നാം ചിന്തിക്കാറുണ്ടോ?

നമ്മുടെ ആരാധനകളിലും ഈ ആശയം പരാമർശിക്കപ്പെടുന്നുണ്ട്, ഭവനകൂദാശയിൽ പട്ടക്കാരൻ പ്രാർത്ഥിക്കുന്നത് ഇതിൽ വസിക്കുന്നവർക്ക് മുഖപ്രസന്നത നൽകണമേ എന്നാണ്. സന്തോഷമില്ലാതെ മുഖപ്രസന്നത ഉണ്ടാകില്ലല്ലോ. വി. കുർബ്ബാനയിൽ പുരോഹിതൻ കാസായും പീലാസായും എടുത്തുകൊണ്ട് പടിഞ്ഞാറോട്ട് വരുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിലും (ദൈവമായ കർത്താവേ......കടങ്ങളുടെ പരിഹാരത്തിലും പാപമോചനത്തിനും നിന്റെ തിരുമുമ്പാകെയുള്ള മുഖ പ്രസന്നതയ്ക്കും ആയി നിന്റെ വിലയേറിയ തിരുശരീരവും തിരുരക്തവും കൈക്കൊള്ളുന്ന നിന്റെ ആരാധകരുടെ സംഘത്തെ നീ അനുഗ്രഹിക്കണമേ). തിരുശരീരരക്തങ്ങളുടെ അനുഭവം മുഖപ്രസന്നതയ്ക്ക് കാരണമായി തീരണമേ എന്നാണ് അപേക്ഷിക്കുന്നത്. വീണ്ടും വി. കുർബ്ബാനയുടെ സമാപന സന്ദേശത്തിൽ പുരോഹിതൻ നൽകുന്ന ആഹ്വാനം നിങ്ങൾ സന്തോഷിച്ച് സംതൃപ്തരായി സമാധാനത്തോട് കൂടി പോകുവിൻ എന്നാണ്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ സന്തോഷത്തിന്റെ പ്രസക്തിയും ആവശ്യവും മുകളിൽ കൊടുത്തിട്ടുള്ള സൂചനകളിൽ നിന്നും അർത്ഥ ശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ സ്പഷ്ടമാവുകയാണ്.

ക്രിസ്തീയ ജീവിതത്തിലെ മൗലീക സുകൃതങ്ങളായി വിശേഷിക്കപ്പെടുന്നത്. വിശ്വാസം, പ്രത്യാശ,



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# ഹിന്ദുമതചരിത്രം

- ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ

**ഉപസംഹാരം**

വേദങ്ങളുടെ തന്നെ ഭാഗമായ ഉപനിഷത്തുക്കളിലെ ജ്ഞാനമാർഗത്തിന്റെ ചില സന്ദേശങ്ങളാണല്ലോ ചർച്ച ചെയ്തത്. എന്നാൽ ശ്രുതി പാരമ്പര്യത്തിലുള്ള വേദാന്തത്തിനു പുറമെ സ്തുതിപാരമ്പര്യത്തിലുള്ള വേദാംഗങ്ങളിലും ഉപാംഗങ്ങളിലും ജ്ഞാനമാർഗത്തിന്റെ വളർച്ച ഈ കാലയളവിൽ വ്യക്തമായി കാണുന്നുണ്ട്. ഇവയെക്കുറിച്ചുള്ള പഠനം അടുത്ത പാഠങ്ങളിലേക്ക് മാറ്റിവച്ചുകൊണ്ട് ഉപനിഷത്ത് ദർശനം ഭാരതീയ മതചിന്തയ്ക്ക് നൽകി. സംഭാവനകൾ എന്തൊക്കെയെന്ന് ചിന്തിക്കാം.

അവ്യക്തങ്ങളായിരുന്ന ദൈവസങ്കൽപങ്ങളിൽ നിന്നും ബഹുദൈവ ആരാധനയിൽ നിന്നും ഭാരതമനസ്സിനെ പിടിച്ചുയർത്തി സർവകാര്യകാരണമായിരിക്കുന്ന ഏകദൈവം എന്ന ആശയത്തിലേക്ക് നയിച്ചുവെന്നതാണ് വേദശാസ്ത്രപരമായുള്ള ഏറ്റവും വലിയ സംഭാവന.

അന്ധമായ കർമ്മാനുഷ്ഠാനങ്ങളും ആചാരങ്ങളും അതിന്റെ പേരിലുള്ള ധൂർത്തുകളും അവസാനിപ്പിച്ച് മനുഷ്യസേവനപരമായ ആത്മീകതയിലേയ്ക്കും യോഗാത്മകമായ ജീവിതശൈലിയിലേക്കും മതാത്മകതയെ തിരിച്ചുവിടുന്നതിനു സാധിച്ചു.

പൗരോഹിത്യ മേധാവിത്വത്തിന്റെയും അതിന്റെ ഭാഗമായി ഉയർന്നുവന്ന ജാതിവ്യവസ്ഥയുടെയും അടിമത്വത്തിൽ നിന്ന് ഭാരതജനതയെ രക്ഷിക്കുവാനുള്ള തീവ്രമായ ശ്രമം ആരംഭിച്ചു.

ഈടുറ്റ ഒരു തത്വചിന്തയ്ക്ക് അടിസ്ഥാനമിടുന്നത് ഉപനിഷദ് ദർശനങ്ങളാണ്. ഭാരതതത്വചിന്തയുടെ ഉറവിടം എന്ന് ഉപനിഷദ് ദർശനങ്ങളെ വിളിക്കാം.

മനുഷ്യജീവിതത്തിന് ഉത്തമമായ ഒരു ആത്മീയ അനുഭവം പകർന്നുകൊടുക്കുന്നതിന് ഉപനിഷത്തുക്കൾക്ക് സാധിച്ചു. ലോകസുഖങ്ങളിലും വ്യക്തിപരമായ നേട്ടങ്ങളിലും മാത്രം ശ്രദ്ധ ഊന്നിയിരുന്ന കർമ്മകാണ്ഡമത ബോധത്തിൽ നിന്നും കൂടുതൽ ആത്മീകതലങ്ങളിലേക്ക് ഉയർന്നു ചിന്തിക്കുകയും അഖണ്ഡവീക്ഷണം നൽകുകയും ചെയ്യുന്ന ഒരു അനുഭവതലത്തിലേക്ക് ഭാരത അദ്ധ്യാത്മീകതയെ ഉണർത്തിയത് ഉപനിഷത്തുക്കൾ ആണ്.

യാഗങ്ങൾകൊണ്ടും ബലികളെകൊണ്ടും ഹിംസയെ അംഗീകരിക്കുകയും ഹിംസാത്മകമായ ഒരു സാമൂഹികസ്ഥിതി നിലനില്ക്കുകയും ചെയ്ത അവസരത്തിൽ ഹിംസ പാപമാണെന്നും അത് പ്രപഞ്ചതാളത്തിന് എതിരാണെന്നും പഠിപ്പിക്കുവാനും അഹിംസയുടെ തത്വം ഉറപ്പിക്കുവാനും ഉപനിഷത്ത് ദർശനത്തിന് സാധിച്ചു. കർമ്മകാണ്ഡം പിൻതുടർന്നവർപോലും മൃഗബലി ഉപേക്ഷിച്ച് ഹോമത്തിന് വസ്തുക്കൾ മാത്രം ഉപയോഗിക്കുവാൻ തുടങ്ങി. ഈ നീക്കം സമൂഹമനഃസാക്ഷിയിൽ ഉണ്ടാക്കിയ മാറ്റം വളരെ വലുതാണ്.

ആത്യന്തികലക്ഷ്യം ബ്രഹ്മമാണെന്നും ജ്ഞാനമാണ് അതിനുള്ള മാർഗമെന്നും അടിവരയിട്ട് പഠിപ്പിച്ചു. മനുഷ്യമനസ്സിനെ ലക്ഷ്യബോധത്തിലേക്കും യുക്തിചിന്തയിലേക്കും തിരിച്ചുവിട്ടതുവഴി അവനെ ക്രിയാത്മകമായ ജീവിയാക്കുവാൻ (Rational being ) ഉപനിഷത്ത് ദർശനത്തിനു സാധിച്ചു. കണ്ണടച്ച് വിശ്വസിക്കുന്നതിന് പകരം ചോദ്യങ്ങൾ ചോദിക്കുവാനും ചിന്തി

---

സ്നേഹം (1 കോരി. 13:13) എന്നിവയാണ്. ഒരു ക്രിസ്ത്യാനിക്ക് അവശ്യം ആവശ്യമായി ഉണ്ടായിരിക്കേണ്ട ഗുണങ്ങളാണിവ. പ്രത്യാശയുടെ പ്രകടമായ ലക്ഷണമാണ് മുഖപ്രസന്നതയും സന്തോഷവും ഈ മൂന്ന് മൂല്യങ്ങളും പരസ്പരം ബന്ധപ്പെട്ട പരസ്പരം പൂരകങ്ങളുമായിരിക്കുന്നതിനാൽ ഇവയിൽ ഏതെങ്കിലും ഒന്നുണ്ടെങ്കിൽ മുഖപ്രസാദവും സന്തോഷവും നിശ്ചയമായും ഉണ്ടായിരിക്കും. ചുരുക്കത്തിൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് ജീവിതത്തിൽ സന്തോഷമില്ലാതെ ദു:ഖത്തിലും നിരാശയിലും കഴിച്ചു കൂട്ടുക സാധ്യമല്ല.

നമ്മുടെ വിശ്വാസവും ആരാധനയും വേദവചനങ്ങളും ഇത്രയും സ്പഷ്ടമായി കാണിച്ചു തരുന്ന യഥാർത്ഥമായ സന്തോഷം ദൈനംദിന ജീവിതത്തിൽ അനുഭവിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? നാം പ്രത്യാശയില്ലാത്തവരും ദു:ഖിതരും മ്ലാനവദനരുമാണെങ്കിൽ നമ്മുടെ വിശ്വാസം നിർജ്ജീവവും ആത്മീയ വളർച്ച നാസ്തിയുമാണെന്നാണ് അതിന്റെ അർത്ഥം. ഈ വസ്തുത മനസ്സിലാക്കുകയും മറ്റുള്ളവർക്ക് സന്തോഷം നൽകുവാൻ നാം തയ്യാറാകുകയും ചെയ്യുമ്പോഴാണ് നമുക്കും സന്തോഷം ലഭിക്കുന്നത്. സ്നേഹം, സന്തോഷം സമാധാനം ഇവയെല്ലാം മറ്റുള്ളവർക്ക് നൽകുമ്പോഴാണ് നമുക്കും കിട്ടുന്നത്. തന്നാൽ തിരിച്ച് കൊടുത്തേക്കാമെന്ന സാമാന്യ ചിന്താഗതി ഈ വിഷയത്തിൽ പ്രായോഗികമല്ല. കിട്ടിയിട്ട് കൊടുക്കാമെന്ന് കരുതിയിക്കുന്നതാണ് മിക്കവാറും നടക്കാതെ പോകുന്നത്! ഈ കാര്യത്തിൽ കൊടുത്ത് വാങ്ങൽ മാത്രമേ നടപ്പാവുകയുള്ളൂ. കർത്താവ് മലപ്രസംഗത്തിൽ പറയുന്ന നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്ന് കിട്ടും. (മത്തായി 7:7) എന്ന വ്യവസ്ഥ സന്തോഷത്തിന്റെ കാര്യത്തിലും വളരെ പ്രസക്തമാണ്.

ക്രിസ്ത്യാനികളായ നാം ക്രിസ്തുവിനെ നോക്കി അവനെ അനുഗമിക്കേണ്ടവരാണല്ലോ. അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. (സങ്കീ. 34:5) എന്ന തിരുവചനം നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാകണമെങ്കിൽ നാം മുഖപ്രസന്നതയുള്ളവരും സന്തോഷമുള്ളവരും ആയിരിക്കേണ്ടതുണ്ട്. ഈ യാഥാർത്ഥ്യം അനുഭവവേദ്യമാക്കിത്തീർക്കുവാൻ, പ്രകാശിതരാകുവാനും പ്രകാശം മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുവാനും നമുക്ക് ദൈവാശ്രയത്തോട് കൂടി പരിശ്രമിക്കാം.

തുടരും.........



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

ക്കുവാനുമുള്ള സ്വാതന്ത്ര്യം അവന് ലഭിച്ചു.

എല്ലാറ്റിനുമുപരി മതത്തെ താരതമ്യേന ലഴിതവും സ്വതന്ത്രവുമാക്കുവാൻ ഉപനിഷത്തുക്കൾക്ക് കഴിഞ്ഞു. ആർഭാടങ്ങളും രാജകീയവുമായ യാഗങ്ങളെ നിരാകരിച്ചുകൊണ്ട് കുടുംബാന്തരീക്ഷത്തിലുള്ള പ്രാർത്ഥനയും യാഗങ്ങളും ഒപ്പം ധ്യാന-യോഗചിന്തകളും പ്രചരിപ്പിക്കുക വഴി മതത്തെകുറേകൂടെ സാധാരണക്കാരന്റേതാക്കിതീർത്തു.

ഉപനിഷത്തുക്കളിൽ പ്രത്യേക ദൈവങ്ങളില്ല. അവ ഏതെങ്കിലുമൊരു പ്രത്യേക മതവിഭാഗത്തിന്റേതു മാത്രമെന്ന് കരുതപ്പെടുവാൻ ആഗ്രഹിക്കുന്നുമില്ല; മറിച്ച് സാർവത്രീകമായ ഒരു മാനം അവയ്ക്കുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ലോകതത്വചിന്തയ്ക്ക് തന്നെ വലിയ മുതൽകൂട്ടായിരിക്കുന്ന ഉപനിഷത്തുക്കൾ മതഭേതമെന്യേ എല്ലാ ഭാരതീയനും പഠിക്കുവാൻ കടമയുണ്ട്. മതങ്ങളുടെ സങ്കുചിതമായ വേലിക്കെട്ടുകൾ കൊണ്ട് അതിൽതിരിക്കേണ്ടവല്ല ഉപനിഷത്ത് ദർശനങ്ങൾ. ഭാരതീയ ക്രൈസ്തവരും മുസ്ലീങ്ങളും ഉപനിഷത്ത് പഠനത്തിന് അവരുടെ മതജീവിതത്തിൽ കൂടുതൽ പ്രാധാന്യം നൽകണം. അത് അവരവരുടെ വിശ്വാസങ്ങളെ കൂടുതൽ ആർജവത്വമുള്ളതും സൃഷ്ടിപരവുമാക്കി തീർക്കുവാൻ സഹായകമാവും. ആയതിലേയ്ക്കുള്ള ഒരു ചൂണ്ടുപലക മാത്രമാണ് ഈ ലഘു ഉപനിഷത്ത് പഠനം.

### വേദാംഗങ്ങളിലെ മതസമൂഹം

വേദസംഹികളുടെ വ്യാഖ്യാനങ്ങൾ എന്ന പേരിൽ പ്രസിദ്ധമാകപ്പെട്ട ബ്രാഹ്മണങ്ങളും അവയുടെ പ്രാമാണീകതയിൽ ഊന്നിക്കൊണ്ട് നിലവിൽ വന്ന ബ്രാഹ്മണ്യ-പൗരോഹിത്യമേധാവിത്വവും അതിനോടുള്ള പ്രതികരണമായി ശ്രുതി പാരമ്പര്യത്തിൽതന്നെ ഉരുത്തിരിഞ്ഞു വന്ന ആരണ്യകങ്ങളിലെയും ഉപനിഷത്തുകളിലെയും മതചിന്തയും ഏകദേശം അവലോകനം ചെയ്തു കഴിഞ്ഞുവല്ലൊ.

മതപരമായും സാംസ്ക്കാരികമായും നൂറ്റാണ്ടുകൾ നീണ്ടു നിന്ന ഈ ആശയസംവാദത്തിന്റെ ഭാഗമായി ഭാരത മത സാഹിത്യത്തിൽ ഉരുത്തിരിഞ്ഞ രണ്ട് പ്രധാന ഭാഗങ്ങളാണ് വേദാംഘങ്ങളും ഉപാംഗങ്ങളും. ആശയങ്ങളുടെ ക്രോഡീകരണം എന്നതുകൊണ്ടും വേദങ്ങളോളം പ്രാമാണികമല്ലാത്തതുകൊണ്ടും ഇവയെ സ്തുതി പാരമ്പര്യത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഭാരത മതജീവിതത്തിന്റെ അവഗണിക്കുവാനാവാത്ത അനേകം വശങ്ങൾ ഈ ഗ്രന്ധസമുച്ചയത്തിലും അവ പ്രതിനിധാനം ചെയ്യുന്ന ജീവിത ശൈലിയിലും ഉണ്ടെന്നതിനാൽ ഇവയുടെ പഠനവും ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്.

വേദങ്ങളെ കൂടുതൽ ആഴത്തിലും പരപ്പിലും മനസ്സിലാക്കുവാനും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്ര വീക്ഷണം രൂപപ്പെടുത്തുവാനുമുള്ള ശ്രമമാണ് വേദാംഗങ്ങളിലും ഉപാംഗങ്ങളിലും കാണുന്നത്. ആഴമായ ഒരു പഠനവും വ്യക്തമായ ഒരു സമീപനരീതിയും (Methodology) ഈ ഗ്രന്ഥങ്ങളുടെ പ്രത്യേകതകളാണ്. സംഹിതകൾ മുതൽ ഉപനിഷത്തുക്കൾ വരെ പരന്നുകിടക്കുന്ന വേദസാഹിത്യത്തെ ഉച്ചാരണം, വ്യാകരണം, പദവിശകലനം, കാവ്യം, ജ്യോതിഷം, കല്പം തുടങ്ങിയ ശാസ്ത്രശാഖകളിലൂടെ ക്രമീകൃതമായി പഠിക്കുകയും അവതരിപ്പിക്കുകയും ചെയ്യുകയാണ് വേദാംഗത്തിൽ ചെയ്യുന്നത്. ഭാരതീയ ശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളായി ഈ ആറ് ശാസ്ത്രശാഖകളെ മനസ്സിലാക്കുവാൻ കഴിയും. വേദങ്ങളുടെ ശാസ്ത്രീയ അപഗ്രഥനമാണ് വേദാംഗങ്ങൾ എന്നതുകൊണ്ടാണ് വേദങ്ങളുടെ അംഗങ്ങൾ എന്ന് തന്നെ ഇവവിളിക്കപ്പെടുന്നത്. വേർതിരിച്ചുള്ള പഠനം, വിശകലനപഠനം, പ്രായോഗീകരണം എന്നൊക്കെ അർത്ഥം കണ്ടെത്താം. ആരണ്യക-ഉപനിഷത്ത് പാരമ്പര്യത്തിൽനിന്നും വളർന്നുവന്ന പണ്ഡിതന്മാരാണ് വേദാംഗങ്ങളുടെ സിരാകേന്ദ്രമായി പ്രവർത്തിച്ചത്.

വേദാംഗങ്ങൾ സൂത്രരൂപത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ആശയങ്ങളും, വിശദാംശങ്ങൾപോലും സംക്ഷിപ്തമായും എന്നാൽ വ്യക്തമായും പ്രതിപാദിക്കുന്ന സാഹിത്യരീതിയാണ് സൂത്രം (Short Rule) സ്വല്പാക്ഷരം അസ്സന്ദിഗ്ധം സൂത്രം എന്ന് വിധിച്ചിരിക്കുന്നു. വേദപഠനത്തിന് സഹായകമായി വളർന്നുവന്ന ആറ് ശാസ്ത്രശാഖകളാണ് വേദാംഗങ്ങൾ എന്ന് അറിയപ്പെടുന്നത്.

**തിരുത്തുകൾ**

**2006 ഡിസംബർ ലക്കം**

| | തെറ്റ് | ശരി |
|---|---|---|
| 4. | കൊട്ടളി | കൊട്ടിളിൽ |
| 15 | ചക്ക് കൂട്ടണ | ചക്ക് ആട്ടണ |
| 16. | വെള്ളിത്തോൽ | വെള്ളിക്കോൽ |
| 22. | ഈഗോൻ | ഈശോൻ |

**2007 ജനുവരി ലക്കം**

| | | |
|---|---|---|
| 55. | ഇറ്റാച്ചൻ | ഈറ്റാപ്പൻ |
| 59 | H & O | H & C |
| 78 | ചെറേമ്മകട | ചെറേമ്മടെ |
| 84 | കണ്ടിക്കൽ | കണ്ടിക്കൻ |

**2007 ഫെബ്രുവരി ലക്കം**

| | | |
|---|---|---|
| 114. | ചെറുത്താക്കി | ചെറുത്താനി |

## കുന്നംകുളം വിളിപ്പേരുകൾ

അഡ്വ. കെ.വി. താരു (റിട്ട)

151. ചവുട്ടി 152. വെള്ള 153. കൂടു
154. ഖദർ മൂറോൻ 155. നൊച്ച.
156. ഡ്രൈവർ 157. അറ്റൻമാർ
158. ജെർമ്മൻ 159. ഭാഗവതർ
160. പനയ്ക്കാപ്പ്ല. 161. കീരി.
162. കഞ്ചാവ് 163 തറവാടി
164. പി.ഐ.സി. 165. താഞ്ചൻ
166. മാലാഖാ. 167. ചെമ്പുകൊടി
168. തൊന്ത 169. വൈരക്കല്ല്
170. ഒപ്പടക്കാരൻ 171. മേനോക്കി
172. ഇരുമ്പുക്കാരൻ 173. ഗോമതി
174. പറവള്ളിൻ 175. കത്തി.
176. പച്ചക്കറി 177. ഇടേച്ചാലി
178. ദൈവങ്ങൾ 179. ചെകുത്താൻ
180. ശീലാവതി. 181. ആഫ്രിക്കൻ
182. ബേബിമാത്തു 183. വാധ്യാർ
184. കോഴി 185. പുകലക്കാരൻ
186. വെണ്ണവെട്ടി 187. ചാപ്പിരി
188. മത്തിക്കണ്ണൻ 189. കപ്പലപ്പൻ
190. നമസ്ക്കാരം 191. പെണ്ണാന
192. പല്ലാക്കൻ 193. തേനേമോനി
194. താണ്ടര 195. വെള്ളറ
196. വാണോക്കാരൻ 197. എ. ആർ.പി.
198. പാറേമ്മൻ 199. പാലക്കൻ,
200. പറപ്പൂക്കാരൻ



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

**വി. സഭയിലെ വലിയ ഉപദേഷ്ടാക്കൾ**

**പ്രാരംഭം:-** ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രവിശുദ്ധന്മാരാണ് കപ്പദോക്യൻ പിതാക്കന്മാരും സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസും. കപ്പദോക്യ എന്നത് സ്ഥലനാമമാണ്. വാക്ചാതുര്യമുള്ള വാഗ്മി എന്ന അർത്ഥത്തിലാണ് സ്വർണ്ണനാവുകാരൻ എന്നു പറയുന്നത്.

**ഉള്ളടക്കം:-** വലിയ മാർ ബാസേലിയോസ്, നാസിയാൻസിലെ മാർ ഗ്രീഗോറിയോസ്, നൈസായിലെ മാർ ഗ്രീഗോറിയോസ് എന്നീ മൂവരാണ് കപ്പദോക്യൻ പിതാക്കൻമാർ. ഏഷ്യാമൈനറിൽ കപ്പദോക്യയിലെ കൈസര്യയിൽ ജനിച്ചുവളർന്നവർ.

ത്രിത്വം, ക്രിസ്തുവിന്റെ ദൈവത്വം, കന്യകയിൽ നിന്നുള്ള ജനനം, മനുഷ്യരക്ഷ, പരിശുദ്ധാത്മാവ് എന്നിവയെപ്പറ്റി വിശ്വാസസത്യങ്ങൾ ക്രോഡീകരിച്ച് വ്യാഖ്യനം നല്കിയവരാണിവർ.

**A. വലിയ മാർ ബാസേലിയോസ് (330–370)**

26-ാം വയസ്സിൽ സന്യാസി, കശീശ 41-ാം വയസ്സിൽ കൈസര്യയിലെ മെത്രാൻ.

ക്രിസ്തുവിന്റെ ദൈവത്വം, ത്രിത്വം, പരിശുദ്ധാത്മാവ് തുടങ്ങിയ വേദസത്യങ്ങളെപ്പറ്റിയുള്ള പ്രതിപാദനങ്ങൾ.

സാമൂഹ്യപ്രവർത്തനങ്ങൾ സന്യാസസമൂഹങ്ങളുടെ പ്രധാന ചുമതലയെന്ന് നിഷ്കർഷിച്ചു. പാവപ്പെട്ടവരെ സഹായിക്കലും സുവിശേഷീകരണവും ലക്ഷ്യമാക്കി പ്രവർത്തിച്ചു ജനുവരി ഒന്ന് ബാസേലിയോസിന്റെ ഓർമ്മദിനമാണ്.

**B. നാസീയാൻസിലെ മാർ ഗ്രീഗോറിയോസ് (325–389)**

A.D. 361-ൽ പൗരോഹിത്യം സ്വീകരിച്ചു. ഏതൻസിലെ വിദ്യാകേന്ദ്രത്തിൽ ഉപദേഷ്ടാവായി. വേദശാസ്ത്രജ്ഞാനായി അറിയപ്പെട്ടു. 381 ലെ കുസ്തന്തീനോസ്പ്പോലീസ് സുന്നഹദോസിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വം സ്ഥാപിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചു. കുസ്തന്തീനോസ് പോലീസിൽ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. എങ്കിലും താൻ അതിന് യോഗ്യനല്ലെന്നു പറഞ്ഞ് പിൻവാങ്ങി.

**C..നൈസായിലെ മാർ ഗ്രീഗോറിയോസ് (335–394)**

നൈസായിലെ നക്ഷത്രം എന്ന അപരനാമം. വലിയ മാർ ബാസേലിയോസിന്റെ അനുജൻ-അറിയോസ് പാഷാണ്ഡതക്കെതിരെ പ്രവർത്തിച്ചതിനാൽ വാലൻസ് ചക്രവർത്തി നാടുകടത്തി. ത്രിത്വം, ക്രിസ്തുവിന്റെ ജഡധാരണം, രക്ഷ, വി.കൂദാശകൾ പരിശുദ്ധാത്മാവ് എന്നീ വിശ്വാസസത്യങ്ങൾക്ക് വിശദീകരണം നല്കി ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു. 2-ാം പൊതുസുന്നഹദോസ് വിശ്വാസ ക്രോഡീകരണത്തിൽ പങ്കുവഹിച്ചു.

**D.സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ്. (354–397)**

ഇദ്ദേഹം അന്ത്യോഖ്യായിൽ ജനിച്ചു 369 ൽ ക്രിസ്ത്യാനിയായി മരുഭൂമിയിൽ സന്യാസിയായി-പാത്രിയർക്കീസ് മിലേത്തൂസ് വൈദീകനാക്കി-പിന്നീട് കുസ്തന്തീനോസ് പോലീസിൽ മെത്രാനായി - സാധുസംരക്ഷണം, ജയിൽസന്ദർശനം, സത്യവിശ്വാസം പഠിപ്പിക്കൾ, കുർബ്ബാന ക്രമീകരണം ആദിയായ പ്രവർത്തനങ്ങൾ-അധാർമ്മികതക്കെതിരെ ഭരണകർത്താക്കളെ വിമർശിച്ചതിനാൽ നാടുകടത്തപ്പെട്ടും സ്വർണ്ണനാവിന്റെ ചലനം ജനം ഇഷ്ടപ്പെട്ടും പട്ടാളക്കാർ അറസ്റ്റ് ചെയ്ത് ദൂരദിക്കിലേക്ക് കൊണ്ടുപോകുംവഴി അവശനായി വഴിക്ക് ഒരു ചാപ്പലിൽ വി.കുർബ്ബാന അനുഭവിച്ച് എല്ലാറ്റിനുവേണ്ടിയും ദൈവത്തിന് സ്തോത്രംപറഞ്ഞ് പൊന്തസിൽവച്ച് കാലംചെയ്തു.

**അദ്ധ്യാപനം**

**ഉദ്ദേശ്യം:-.** സഭാപിതാക്കന്മാരുടെ ജീവിതരീതികളും അവരുടെ പ്രത്യേകപഠിപ്പിക്കലുകളും ഗ്രഹിക്കാൻ.

**പാഠാവതരണം:**

**ശീർഷകത്തിന് വേണ്ടിചോദ്യം.**

സഭാപിതാക്കന്മാരിൽ കപ്പദോക്യൻ പിതാക്കന്മാരെയും മറ്റും ഏതുഗണത്തിൽ പെടുത്തിയിരിക്കുന്നു:

**ശീർഷകം:-**

ബോർഡിൽ എഴുതുക.

**പാഠവിപുലീകരണം:**

ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭിക്കുന്നമുറക്ക് അവയുടെ മുഖ്യാംശങ്ങൾ ആവശ്യമായതിരുന്നലോടെ ബോർഡിൽ എഴുതുക.

1. കപ്പദോക്യൻ പിതാക്കന്മാരാരൊക്കെ?
2. അവരോടൊത്തു പ്രവർത്തിച്ച അതിശ്രേഷ്ഠനായ പിതാവാര്?
3. പ.കാതോലിക്കായുടെ സ്ഥാനനാമത്തിന്റെ തുടക്കപ്പേരെന്ത്?
4. കപ്പദോക്യൻ പിതാക്കന്മാരിൽ ശ്രേഷ്ഠനാര്?
5. ഇദ്ദേഹത്തിന്റെ പഠിപ്പിക്കലുകളിൽ പ്രത്യേക ശ്രദ്ധയർഹിക്കുന്ന വിഷയങ്ങൾ ഏവ?
6. സന്യാസസമൂഹങ്ങളുടെ കാര്യത്തിൽ ഇദ്ദേഹം അവതരിപ്പിച്ച പ്രത്യേകത എന്തായിരുന്നു?
7. വലിയമാർബാസേലിയോസിന്റെ ഓർമ്മദിനം എന്താണ്?
8. കപ്പദോക്യൻ പിതാക്കന്മാരിൽ വേദശാസ്ത്രജ്ഞൻ എന്ന പേരിനർഹൻ ആർ?
9. കുസ്തന്തീനോസ് പോലീസ് സുന്നഹദോസിൽ ഇദ്ദേഹത്തിന്റെ പങ്ക് എന്തായിരുന്നു?
10. നൈമ്പയിലെ നക്ഷത്രം എന്ന പേരിൽ അറിയപ്പെടുന്നതാര്?
11. ഇദ്ദേഹത്തിന്റെ പഠിപ്പിക്കലിലെ പ്രധാനവിഷയങ്ങൾ ഏവ?
12. വാലൻസ് ചക്രവർത്തി ഇദ്ദേഹത്തെ നാടുകടത്താൻ കാരണമെന്ത്?
13. സ്വർണ്ണനാവുകാരൻ എന്നറിയപ്പെടുന്ന പിതാവാര്?
14. ഇദ്ദേഹത്തിന്റെ ഔദ്യോഗികപദവി എന്തായിരുന്നു?
15. ഇദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?
16. ഇദ്ദേഹത്തെ നാടുകടത്താൻ കാരണമെന്ത്?
17. എങ്ങിനെയുള്ള മരണമാണ് ഇദ്ദേഹത്തിനുണ്ടായത്?

സാന്ദർഭീകപഠനം:- നമ്മുടെ സഭയുടെ കാതോലിക്കായുടെ സ്ഥാന നാമത്തിലെ പേരുകളുടെ പ്രസക്തി എന്ത്?

മലങ്കരയിൽ സഭാസ്ഥാപകനായ മാർത്തോമ്മയുടെയും പേഴ്സ്യൽ കാതോലിക്കേറ്റിന്റെ തുടർച്ചയെന്നോണം ഇവിടെ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടതിനാൽ അവിടത്തെ കാതോലിക്കയുടെ പദവിനാമത്തിന്റെയും അപദാനങ്ങൾ പിൻതുടർന്നു ആ പേരുകൾ ഉപയോഗിക്കുന്നു. കൈസര്യയിലെ വലിയമെത്രാപ്പോലീത്തയായിരുന്നു വലിയ മാർ ബാസേലിയോസിന്റെ നാമവും ഈ പദവി നാമത്തിന്നടിസ്ഥാനമാണ്.

**പ്രത്യേകഗൃഹപാഠം:-**

വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെപ്പറ്റി വിശദീകരിക്കുന്ന ഖണ്ഡിക ഏതെന്ന് മനസ്സിലാക്കി ഹൃദിസ്ഥമാക്കുക. (തുടരും........)



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# ബാലവേദി

## I

**പ്രിയപ്പെട്ട കുട്ടികളെ,**

നിങ്ങൾ എല്ലാവരും വാർഷിക പരീക്ഷ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന സമയമാണല്ലോ. ഒരു വർഷകാലത്തെ നിങ്ങളുടെ പ്രയത്നം ലക്ഷ്യം കൈവരിച്ചുവോ എന്നറിയാനുള്ള ഒരു മാർഗം എന്ന നിലയിലാണ് പരീക്ഷകളെ കാണേണ്ടത്. പരീക്ഷകളെ ലാഘവബുദ്ധിയോടെ കാണുന്നത് ശരിയല്ല, എന്നിരുന്നാൽ തന്നെയും അവ നമ്മുടെ സമാധാനവും സന്തോഷവും കെടുത്താതെ സൂക്ഷിക്കേണ്ടതാണ്. ചെയ്യേണ്ട ജോലികൾ, പഠിക്കേണ്ട പാഠങ്ങൾ എന്നിവ യഥാസമയം നിർവ്വഹിച്ച ഒരു കുട്ടിക്ക് പരീക്ഷകൾ എളുപ്പം ചാടികടക്കാവുന്ന കടമ്പകൾ മാത്രമായിരിക്കും.

മറ്റൊന്ന്, എന്നാൽ ഏറ്റവും പ്രധാനപ്പെട്ടത് ദൈവകൃപയും കരുതലും ഉണ്ടായിരിക്കുക എന്നതാണ്. ചില കുട്ടികൾ വളരെ നന്നായി പഠിച്ചിട്ടും ചിലപ്പോൾ പരീക്ഷാദിവസങ്ങളിൽ പരീക്ഷയെഴുതാൻ കഴിയാതെ പോകാറുണ്ട്. അസുഖമോ മറ്റെന്തെങ്കിലും കാരണങ്ങളോ ആവാം. ആയതിനാൽ പരീക്ഷകൾ നന്നായി എഴുതുവാൻ ദൈവകൃപ അത്യന്താപേക്ഷിതമാണ്.

സണ്ടേസ്ക്കൂളിൽ അധ്യാപികയായിരിക്കുമ്പോഴാണ ഞാൻ എം.എ.യ്ക്ക് പഠിച്ചത്. എം. എ. ഫൈനൽ പരീക്ഷയുടെ തലേദിവസങ്ങളിൽ ഒ.വി.ബി.എസ്. ക്ലാസ്സെടുക്കുവാൻ പോയപ്പോൾ ചിലർ എന്നോട് ചോദിച്ചു.

“നാളെ പരീക്ഷയുള്ളതല്ലേ”- “ഈ മൂന്നോ നാലോ മണിക്കൂറുകൾ സണ്ടേസ്ക്കൂളിൽ ആയിരിക്കുന്നത് എനിക്ക് ഗ്രേസ് മാർക്കായി ലഭിക്കും” എന്നു ഞാൻ മറുപടി പറഞ്ഞു.

പ്രിയപ്പെട്ട കുട്ടുകാരെ,

ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും സണ്ടെസ്ക്കൂൾ പഠനത്തിനുമായി നാം ചെലവഴിക്കുന്ന സമയം ആത്മാർത്ഥതയോടെയാണെങ്കിൽ-(മറ്റുള്ളവരെ ബോധിപ്പിക്കാനല്ല) തീർച്ചയായും കർത്താവ് അക്കാര്യം തന്റെ കണക്ക് പുസ്തകത്തിൽ രേഖപ്പെടുത്തി വയ്ക്കുകയും പ്രതിഫലം തരികയും ചെയ്യും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട സദൃശ്യവാക്യങ്ങൾ 9:10.

ഇടവകപത്രികയുടെ വായനക്കാരായ എല്ലാ കുട്ടികളെയും അവരുടെ പരീക്ഷകളെയും പ്രാർത്ഥനയിൽ ഓർക്കുന്നു.

## II

**പ്രിയപ്പെട്ട കുട്ടികളെ,**

വീണ്ടും ഒരവധിക്കാലം എത്തിയിരിക്കുന്നു. എന്തൊക്കെയാണ് കൂട്ടുകാരുടെ പ്ലാൻ? പരീക്ഷ കഴിഞ്ഞപ്പോൾ ചില കുട്ടികൾ പറഞ്ഞു. “ഇനി വെക്കേഷൻ-അടിച്ചുപൊളിക്കണം.” അടിച്ചുപൊളിക്കുക എന്നാൽ അടിച്ചു തകർക്കുക, നശിപ്പിക്കുക എന്നൊക്കെയാണ് അർത്ഥം. പുതിയ തലമുറയുടെ നശീകരണപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ എന്നപോലെ ആരോ സൃഷ്ടിച്ച വാക്കാണ് എന്നു തോന്നുന്നു. സമരവും ഹർത്താലുമൊക്കെ ഉണ്ടാകുമ്പോൾ ബസ്സും പൊതുമുതലും അടിച്ചുപൊളിക്കുക-എന്നതാണ് സമരക്കാരുടെ രീതി. പ്രതിഷേധം പ്രകടിപ്പിക്കാൻ അടിച്ചുപൊളിക്കുക-ആഹ്ലാദം പ്രകടിപ്പിക്കാനും അടിച്ചു പൊളിക്കുക-അതെങ്ങിനെ ശരിയാകും?

പ്രിയ കൂട്ടുകാരെ, നിങ്ങളുടെ വെക്കേഷൻ ഒരിക്കലും അടിച്ചുപൊളിച്ച് നശിപ്പിച്ച് കളയരുത്. വെക്കേഷൻ കഴിയുമ്പോൾ, അയ്യോ കഷ്ടം -രണ്ട് മാസം വൃഥാനഷ്ടമായല്ലോ എന്ന് വിലപിക്കാനിട വരരുത്. ഉച്ച വരെ ഉറങ്ങൽ, പിന്നെ ടി.വി കാണൽ, ഇടയ്ക്കിടെ കൊറിക്കൽ എന്നത് മാത്രമായി-തീരരുത് എന്നാണ് പറഞ്ഞത്. പരീക്ഷയുടെയും പഠനത്തിന്റെയും പിരിമുറുക്കത്തിൽ നിന്നും ഒരു റിലാക്സേഷൻ തീർച്ചയായും ആവശ്യമാണ്. ക്രിയാത്മകമായും എന്നാൽ സമ്മർദ്ദം ഇല്ലാതെയും വെക്കേഷൻ ചെലവഴിക്കേണ്ടതെങ്ങിനെയെന്നു ചിന്തിക്കുക. ഓരോരുത്തരുടെയും സൗകര്യവും സാഹചര്യവും അനുസരിച്ച്, മാതാപിതാക്കളുമായി ആലോചിച്ച് പ്ലാൻ ചെയ്യുക. യോഹന്നാന്റെ മൂന്നാം ലേഖനം 11-ാം വാക്യം-നന്മയല്ലാതെ തിന്മ അനുകരിക്കരുത്-നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നുള്ളവൻ ആകുന്നു. ഈ വെക്കേഷൻ പരമാവധി പ്രയോജനപ്പെടുത്തുവാൻ ഏവർക്കും-സാധിക്കട്ടെ എന്നാശംസിക്കുന്നു.

സ്നേഹത്തോടെ,
മിനിടീച്ചർ.



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

## പാലൂർപ്രദേശങ്ങളും ബുക്കാനന്മാരും

- ഫാ. ഡോ. ജോസഫ് ചീരൻ

മുൻലക്കം തുടർച്ച............

........വൈകുന്നേരം ഞങ്ങൾ ഈ നസ്രാണികൾ താമസിക്കുന്ന വില്ലേജ് സന്ദർശിച്ചു ധാരാളം വീടുകൾ വളരെ ചിട്ടയിലും ഒതുക്കത്തിലും നിർമ്മിച്ചിട്ടുണ്ട്. ജനങ്ങൾ ഈ വീടുകളിൽ തിങ്ങിപ്പാർക്കുന്നു. ഇന്ത്യൻ പട്ടണങ്ങളുടെ നിലവാരംവെച്ച് നോക്കിയാൽ ഇവിടം വളരെ ഭംഗിയായി സംവിധാനം ചെയ്തിരിക്കുന്നതായും മറ്റുള്ളവയെ അപേക്ഷിച്ച് വൃത്തിയുള്ളവയായും അനുഭവപ്പെടും. അല്പം ഉയർന്ന് കിടക്കുന്ന ഭംഗിയുള്ള സ്ഥലത്ത് ഒരു പഴയ പള്ളികാണുന്നുണ്ട്. അതിന്റെ മേൽക്കൂര ഇപ്പോൾ ഇല്ല. ചുമരുകൾ ചളിയും കളിമണ്ണും കുഴച്ചുണ്ടാക്കിയതും പഴകിയതാണെങ്കിലും ഇപ്പോഴും വളരെ ഉറപ്പുള്ളതായും പുതിയതായും തോന്നുന്നു. അൾത്താരയുടെ മുക്കാൽ ഭാഗം ഉണ്ടാക്കിയിരിക്കുന്നതും ഇവകൊണ്ടുതന്നെയാണ്. പക്ഷേ, കാഴ്ചയിൽ പ്രൗഢി തോന്നിക്കുന്ന നിർമ്മാണ വിശേഷം അതിനുണ്ട്. പള്ളിയുടെ പ്രധാന വാതിലിന്റെ നേരെയായിട്ടാണ് ശ്മശാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സെമിത്തേരി വളരെ ചെറുതായത്കൊണ്ട് എല്ലുകൾ ദ്രവിക്കുന്നതിന് മുമ്പ് തന്നെ തുറന്ന് അവ മാറ്റേണ്ടതായി വരുന്നു. പുതിയ ശവശരീരങ്ങൾ എത്തുമ്പോൾ ശ്മശാനത്തിലെ പഴയ കല്ലറകൾ തുറന്ന് അവയിലുള്ള എല്ലുകളെല്ലാം ശേഖരിച്ച് പള്ളിയുടെ അരികിലായുള്ള ഒരു തുറന്ന കുഴിയിൽ അവ കൂട്ടുകയാണ് പതിവ്. ആ വഴിയേ പോകുന്നവർക്കും ഇവ കാണാവുന്ന വിധമാണ് ഈ കുഴി ഉണ്ടാക്കിയിരിക്കുന്നത്.

(ഫ്രാൻസിസ് ബുക്കാനൻ സഞ്ചാര സാഹിത്യകാരൻ എന്ന നിലയിൽ ശോഭിക്കുന്നില്ല. അദ്ദേഹം ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കാതിരിക്കുകയോ ശ്രദ്ധിച്ചിട്ടും പരാമർശിക്കാതിരിക്കുകയോ ചെയ്തു. അദ്ദേഹം താമസിച്ച കക്കാട് ഗസ്റ്റ് ഹൗസിന് സമീപമായിരുന്ന തലപ്പിള്ളി രാജാവിനെപ്പറ്റിയോ (കക്കാട് കാരണവപ്പാട്) അവിടെത്തന്നെയുള്ള ചിറളയം, മണക്കുളം, പുന്നത്തൂർ എന്നീ തലപ്പിള്ളി രാജവംശശാഖയെപ്പറ്റിയോ, കുന്നംകുളം അങ്ങാടിയിൽ തന്നെയുണ്ടായിരുന്ന ചിറളയം പള്ളി, കോട്ടപ്പടി പള്ളി, അന്തിമഹാകാളൻകാവ്, നിരവധി ബുദ്ധ-ജൈന കേന്ദ്രങ്ങൾ, പ്രാചീന ഗുഹകൾ, കുടക്കൽ പറമ്പുകൾ എന്നിവയെപ്പറ്റിയൊന്നും പരാമർശമില്ല. ചാവക്കാട്ടേയ്ക്കുള്ള യാത്രയിൽ വഴിവക്കിലുള്ള ഒരു പള്ളിയെപ്പറ്റി മാത്രം -പാലൂർ ചാട്ടുകുളങ്ങര-പരാമർശിച്ചു. അതിന്റെ മേൽക്കൂര ഇപ്പോഴില്ല എന്ന് പരാമർശിച്ച ബുക്കാനൻ ടിപ്പുവിന്റെ ഭടനായകൻ തീവച്ചതുമൂലമാണ് മേൽക്കൂര നശിച്ചുപോയതെന്ന് അമ്പേഷിച്ചറിയുവാനും രേഖപ്പെടുത്തുവാനും ശ്രമിച്ചില്ല. നാട്ടിലെ കൃഷി, പ്രകൃതി, നികുതി സമ്പ്രദായങ്ങൾ എന്നിവയെപ്പറ്റി നാട്ടുകാരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച ബുക്കാനൻ ക്രിസ്ത്യാനികളുടെ പട്ടണമെന്ന് അന്നേ പ്രസിദ്ധമായ നാടിന്റെ സംസ്ക്കാരത്തിന്റെ വിശദാംശങ്ങൾ ആരോടെങ്കിലും ചോദിച്ചറിയുവാൻ ശ്രമിച്ചില്ല. തന്റെ സന്ദർശകനോടും പോലും ഇത്തരം വിശദാംശങ്ങൾ ചോദിക്കുവാനും അവ രേഖപ്പെടുത്തുവാനോ അദ്ദേഹം ശ്രമിച്ചിട്ടില്ല. പതിനൊന്നു വർഷം മാത്രം മുമ്പുണ്ടായ ടിപ്പുവിന്റെ പടയോട്ടക്കഥയും തീവെപ്പും മത പരിവർത്തനശ്രമങ്ങളും ഏതാനും വർഷങ്ങൾക്കൂടി കഴിഞ്ഞ് സന്ദർശിച്ച ക്ലോഡിയസ് ബുക്കാനന്റെ ഡയറിയിൽ നിന്നാണ് ലോകം അറിയുന്നത്. സഞ്ചാര സാഹിത്യ രചനയായിരുന്നില്ല ഫ്രാൻസിസ് ബുക്കാനന്റെ ലക്ഷ്യമെന്ന് വേണം മനസ്സിലാക്കാൻ.

അദ്ദേഹം പരാമർശിക്കുന്ന പള്ളി കുന്നംകുളം-ചാവക്കാട് കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന പാലൂർ -ചാട്ടുകുളങ്ങര പള്ളിയാണ്. പള്ളിയുടെ പടിഞ്ഞാറുഭാഗത്തായിരുന്ന അന്നത്തെ ശ്മാശാനം. പള്ളിയുടെ നിർമ്മാണത്തിന്റെ പ്രൗഢി അദ്ദേഹത്തെ ആകർഷിച്ചു. 1789-ലെ ടിപ്പുവിന്റെ പടയോട്ടക്കാലത്ത്, പള്ളിയുടെ മേൽക്കൂരഅഗ്നിക്കിരയായതാണെന്ന് 1829 ൽ പനക്കൽ ഇക്കാട്ടു കുരിയപ്പൻ രചിച്ച ആർത്താറ്റ് പള്ളിപ്പാട്ടിൽ നിന്ന് ഗ്രഹിക്കാം. പതിനൊന്ന്കൊല്ലം മഴയും വെയിലുമേറ്റ് കിടന്നിട്ടും ആ പ്രൗഢർ ദേവാലയത്തിന് പറയത്തക്ക കേടുപാടൊന്നും പറ്റിയില്ലതാനും. അതിന്റെ നവീനത ആകർഷകമാം വിധം നിലനിന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു-ലേഖകൻ)

ഇവിടെനിന്നും ഞങ്ങൾ ചാവക്കാട്ടേയ്ക്ക് പോയി. അവിടത്തെ കളക്ടർ ആയ മി. ഡ്രമണ്ടിന്റെ വസതിയിലാണ് തങ്ങൾക്കു താമസിച്ചുവാനും സൗകര്യങ്ങൾ ചെയ്തിരുന്നത്. ഒരു വഞ്ചിയിൽ കയറിയിറങ്ങിയാണ് ഞങ്ങൾ ഈ പ്രദേശത്ത് എത്തിയത്. ഈ സമയത്ത് മി. ഡ്രമ്മണ്ട് താമസിച്ചിരുന്നത് ചിറ്റുവാ എന്ന സ്ഥലത്താണ്. ഇവിടത്തുക്കാർ ഈ പ്രദേശത്തിന് ചേറ്റുവാ എന്നാണ് പറയുന്നത്. (ചാട്ടുകുളങ്ങര ഒരു ചെറിയ തുറമുഖമായിരുന്നു. പൊന്നാനി തുറമുഖത്തെ വ്യാപാരവിഭവങ്ങൾ കോട്ടപ്പടി, ചാട്ടുകുളങ്ങര, ചെമ്മണ്ണൂർ, ആലത്തൂർ എന്നി കമ്പോളങ്ങളിലേയും തിരിച്ചും എത്തിച്ചിരുന്നത് ചാവക്കാട് വഴി ചാട്ടുകുളങ്ങരെയുള്ള വഞ്ചിക്കുളം-ചാട്ടുകുളങ്ങര എന്ന വക്കിന് അതാണ് അർത്ഥം-മുഖേനയാണ്. ചാട്ടുകുളത്തിൽ നിന്ന് വികൃതമായ ഒരു തോട് ചാവക്കാട്ടേയ്ക്കുള്ള ജല പാതയായി അന്നുണ്ടായിരുന്നു. അതിന്റെ ഒരു ഭാഗം മാത്രം ചാവക്കാട് തോട് എന്ന പേരിൽ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. താലൂക്കുകളുടെ അതിർത്തി നിർണ്ണയിച്ചപ്പോൾ തലപ്പള്ളിയുടെയും ചാവക്കാടിന്റെയും അതിർത്തിയിൽ തലപ്പള്ളി പ്രദേശത്താണ്. ചാട്ടുകുളത്തിന്ന് ഇപ്പോൾ പകുതി വികൃതിയേ ഉള്ളൂ. ഇപ്പോൾ ചാവക്കാട്ടേയ്ക്ക് ജലപാതയില്ല്. 1850 കളിൽപ്പോലും തെക്കോട്ട് ചെറായി, കൊച്ചി, കോട്ടയം, കൊല്ലം എന്നീ പ്രദേശങ്ങളിലേക്ക് യാത്രക്കാർ സഞ്ചരിച്ചിരുന്നത് ചാട്ടുകുളത്തിൽ



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

നിന്ന് ജലവാഹനങ്ങൾ മുഖേനയാണ്.
1800 ഡിസംബർ 10-11ലേഖകൻ

.........................................................................

.........................................................................

1800 ഡിസംബർ 12
ചാവക്കാട്
ഞാൻ മി. ഡ്രമ്മണ്ടുമൊന്നിച്ച് ചാവക്കാട്ടുള്ള അദ്ദേഹത്തിന്റെ വസതിയിലേക്ക് പോയി. ഈ ദേശക്കാർ ചാവക്കാട് അഥവാ മരണക്കാട് എന്നാണ് ഈ സ്ഥലത്തിന് പേരിട്ടിട്ടുള്ളത്. എന്തിനാണ് ഈ പേരിട്ടതെന്ന് എനിയ്ക്ക് മനസ്സിലാകുന്നില്ല. പട്ടണം വളരെ ചെറുതാണ്. താമസിക്കുന്നവർ പ്രധാനമായും മാപ്പിളമാരും നസ്രാണികളുമാണ്. കുന്നംകുളങ്ങര (കണ്ണൻ കുളങ്ങര) എന്ന നസ്രാണികളുടെ പട്ടണത്തിന്റെ കീഴിലുള്ളതാണ് ഇവിടത്തെ തുറമുഖം.

.........................................................................

**നസ്രാണികൾ.**

"ചാവക്കാട്ടുള്ള നസ്രാണികളുടെ പാപ്പ എന്നെ വന്ന് കാണുകയുണ്ടായി. ഇന്ത്യയിലെ ഈ ജാതിക്കാരുടെ വംശ ചരിത്രമടങ്ങുന്ന വിവരണം ലഭിക്കണമെന്ന എന്റെ ആഗ്രഹം തിരുവിതാംകൂറിലുള്ള അവരുടെ പ്രധാനിയെ അറിയിച്ചെന്നും മി. ഡ്രമ്മണ്ട് വഴി ആ പുസ്തകം എനിയ്ക്കെത്തിച്ചു തരാമെന്ന് എന്നോട് പറയാൻ പാപ്പയോട് ആവശ്യപ്പെട്ടെന്നും പാപ്പ എന്നോട് പറഞ്ഞു. നിർഭാഗ്യമെന്ന് പറയട്ടെ ഇതുവരെയും അവിടെനിന്നും അത് കിട്ടിയിട്ടില്ല. അടിമകൾ ക്രിസ്തുമതത്തിൽ ചേർന്നാൽ അവരെ സ്വതന്ത്രരാക്കുകയില്ലെന്നാണ് ഈ പാപ്പ ഞങ്ങളോട് പറഞ്ഞത്. ഒരു പക്ഷേ, ഇതുമൂലമായിരിക്കും മതപരിവർത്തനമുണ്ടാകുന്നതെന്നും അല്ലാതെ മഹത്തായ ക്രസ്തീയാശയങ്ങൾ കൊണ്ടല്ലെന്നും ഞങ്ങൾ ധരിക്കേണ്ട എന്ന് കരുതിയാകാം അദ്ദേഹം ഇങ്ങനെ പറഞ്ഞത്. നിത്യേനയെന്നോണം മതപരിവർത്തനം ചെയ്യാൻ ആളുകൾ മുന്നോട്ടുവരുന്നുണ്ടെന്നും ഇതുമൂലം നസ്രാണികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും കൂടി അദ്ദേഹം ഉറപ്പിച്ച് പറഞ്ഞു. ഈ വക കാര്യങ്ങളിൽ ഞാൻ മുമ്പ് കണ്ടതായി പതിഞ്ഞ പാപ്പയുടെ വിവരണവും ഇദ്ദേഹത്തിന്റെ വിവരണവുമായി വളരെ അന്തരമുണ്ട് " (പേജ് 43-62)

ചാട്ടുകുളങ്ങരയിൽ നിന്ന് ജലമാർഗ്ഗം സഞ്ചരിച്ച ബുക്കാനൻ നൽകുന്ന വിവരണത്തിന് ചരിത്രപരമായി വൻ പ്രാധാന്യമാണുള്ളത്. ബുക്കാനൻ സന്ദർശിച്ച ക്രിസ്ത്യാനികളുടെ പട്ടണം ചാവക്കാടാണ്. ചാവക്കാട് പ്രദേശത്ത് ക്രിസ്ത്യാനികൾ പാർക്കുന്ന സ്ഥലത്തിന് ഇന്ന പാലയൂർ എന്ന പേരാണുള്ളത്. ഈ പേർ 1800 ന് ശേഷം ലഭിച്ച പേരാണ്. 1800 ന് മുമ്പ് പാലയൂരില്ല; പാലൂരേയുള്ള അതാകട്ടെ ചാവക്കാട് പ്രദേശമല്ല; ചാട്ടുകുളങ്ങര ഉൾപ്പെട്ട തലപ്പള്ളി പ്രദേശങ്ങളാണ്. പാലൂരിലെ തലപ്പള്ളിയായ ചാട്ടുകുളങ്ങരപള്ളിയുടെ ഉടമസ്ഥാവകാശത്തിലുള്ള ഒരു ചെറിയ ശാഖാദേവാലയമായിരുന്നു ചാവക്കാട്ട് പള്ളി, ചാവക്കാട് പാപ്പായും കക്കാട് വച്ച കണ്ട പാപ്പായും തിരുവിതാംകൂറിലെ ഒരേ മതാധ്യക്ഷന്റെ കീഴിലാണെന്ന് ബുക്കാനൻസൂചിപ്പിച്ചിട്ടുണ്ട്. 1800 കളിൽ ഈ പള്ളി ചാവക്കാട് സെന്റ് കുരിയാക്കോസ് പള്ളി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പാലൂർ ചാട്ടുകുളങ്ങര തലപ്പിള്ളിയെപ്പറ്റി പൂർവ്വീക സുറിയാനിക്കാരും റോമ്മൻ കത്തോലിക്കാരും തമ്മിൽ അവകാശത്തർക്കം നിലവിലിരുന്നു. കൊച്ചി രാജാവായ ശക്തൻ തമ്പുരാന്റെ മധ്യസ്ഥതയിൽ നറുക്കിട്ട് പള്ളിയുടെ അവകാശികളായി പൂർവ്വീക സുറിയാനിക്കാരെ നിശ്ചയിക്കുകയാണുണ്ടായത്. ഈ സംഭവം നടന്നത് 1805 തുലാം 7 ന് ആയിരുന്നു. ഇതോടെ അവകാശം ഉന്നയിച്ചിരുന്ന കത്തോലിക്കാർക്ക് തലപ്പള്ളി ഉപേക്ഷിക്കേണ്ടിവന്നു. അവർ നിരാശരായില്ല. മാർത്തോമ്മാ ശ്ലീഹാസ്ഥാപിച്ചപള്ളി തങ്ങൾക്ക് നഷ്ടപ്പെട്ടു എങ്കിൽ തങ്ങൾക്ക് കൈവശം ഉണ്ടായിരുന്ന ചാവക്കാട് പള്ളിയെ മാർത്തോമ്മാ ശ്ലീഹാ പള്ളിയാക്കി മാറ്റും എന്ന് അവർ നിശ്ചയിച്ചു. ഇതിനായി രണ്ടു മൂന്ന് കാര്യങ്ങൾ അവർ ചെയ്തു. ചാവക്കാട് സെന്റ് കുരിയാക്കോസ് പള്ളിയെ മാർത്തോമ്മാ പള്ളിയെന്ന് നാമകരണം ചെയ്യുകയും അന്ന് മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമെന്ന് ബോധപൂർവ്വം വാമൊഴിയായും വരമൊഴിയായും പ്രചരിപ്പിക്കുകയും ചെയ്തു. ക്രമേണ ചാവക്കാട് കുരിയാക്കോസ് പള്ളി നില്ക്കുന്ന സ്ഥലത്തെ പാലയൂർ എന്ന് നാമകരണം ചെയ്യുകയും മാർത്തോമ്മാശ്ലീഹായുടെ പ്രവർത്തന വേദിയായ പൂർവീക പാലൂർ പാലയൂർ ആണെന്ന് പ്രചരിപ്പിക്കുകയും ചെയ്തു. യൂദക്കുന്ന പാലൂരിലല്ല, പാലയൂരിലാണ് എന്നും തുടർന്ന് പ്രചരിപ്പിച്ചു. ക്ഷേത്രം രൂപഭേദപ്പെടുത്തി പള്ളിസ്ഥാപിച്ചു എന്ന് പ്രചരിപ്പിക്കുന്നതിനനുകൂലമായി കുറെ വിഗ്രഹങ്ങളും ഒരു കിണറും സംഘടിപ്പിച്ചു. ബ്രാഹ്മണരെ മാർത്തോമ്മാ ശ്ലീഹാസ്നാനപ്പെടുത്തി എന്ന് അവകാശപ്പെടുവാൻ ഒരു കുളവും തൽസംബന്ധിയായ കുറെ ഐതിഹ്യങ്ങളും സൃഷ്ടിച്ച് പ്രചരിപ്പിച്ചു. പിന്നീട് സർക്കാർ സർവ്വേ നടത്തിയ കാലത്ത് പാലയൂർ എന്ന പേരിൽ ചാവക്കാട് കുരിയാക്കോസ് പള്ളി സർക്കാർ റിക്കാർഡുകളിൽ സ്ഥലം പിടിച്ചു പിന്നീട് പാലയൂർ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു; തീർത്ഥാടക പ്രവാഹവും സമ്മേളനങ്ങളും സംഘടിപ്പിക്കപ്പെട്ടു. സഭാചരിത്രങ്ങൾപോലും 1800 ന് ശേഷം മാത്രമുണ്ടായ ഈ ഐതിഹ്യ കോലാഹങ്ങളുടെ നിറംപിടിപ്പിച്ച കഥകളെ ചരിത്രത്തിന്റെ ഭാഗമാക്കി. എന്നാൽ ഫ്രാൻസിസ് ബുക്കാനാന്റെ സാക്ഷ്യം ചരിത്രത്തിൽ മായാതെ കിടന്നു. മാർ കുരിയാക്കോസ് സഹദായുടെ പള്ളിയായിരുന്നു എന്ന സാക്ഷ്യവും ചരിത്രത്തിൽ കിടപ്പുള്ളത് ആർക്കും നിഷേധിക്കാനാവാതെ കിടന്നു. ഒടുവിൽ ക്രിസ്തബ്ദം ആദ്യ നൂറ്റാണ്ടുകളിൽ കേരളത്തിൽ ബ്രാഹ്മണരോ ക്ഷേത്രങ്ങളോ ഇല്ല എന്ന മതേതര ചരിത്ര ഗവേഷണം അംഗീകരിക്കപ്പെട്ടതോടെ പാലയൂർ കഥകൾ കെട്ടുകഥകൾ ആയിമാറിയിരിക്കുന്നു. പുരാതനമായ പാലൂർ പള്ളി ചാട്ടുകുളങ്ങര എന്നും ആർത്താട്ട് എന്നും പില്ക്കാലത്ത് പേർ വിളിക്കപ്പെട്ട സെന്റ് മേരീസ് പള്ളിയാണെന്ന് തിരിച്ചറിവ് ചരിത്രം നേടികൊണ്ടിരിയ്ക്കുന്നു.



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# സഭയ്ക്കുള്ളിലെ സുവിശേഷവേല

യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**സുവിശേഷവേല രണ്ടുണ്ട്.**

**1. സഭയ്ക്കുള്ളിലെ വേല.**

**2. സഭയ്ക്കു പുറമെയുള്ള വേല.**

സുവിശേഷത്തിന്റെ ആരംഭ കാലത്ത് അതിന്റെ എല്ലാമെല്ലാമായി പ്രവർത്തിച്ചിരുന്നത് അപ്പസ്തോലന്മാർ ആയിരുന്നു. അവർ വചനം ഘോഷിക്കയും വിശ്വസിക്കുന്നവരെ മാമോദീസാ മുക്കി സഭയോടും ചേർക്കുകയും, സഭയിൽ ചേർന്നവരെ ഉറപ്പിച്ചു നിർത്തുവാൻ ആവശ്യമായ പരിപാടികളിൽ ദത്ത ശ്രദ്ധരാകയും ചെയ്തു. സഭയോടു ചേർന്നവരെ ഉറപ്പിച്ചു നിർത്തുവാൻ കൂടെക്കൂടെ അവരെ സന്ദർശിക്കയും ശുശ്രൂഷകളും ഭരണക്രമങ്ങളും നിർവഹിക്കുകയും ചെയ്തുപോന്നു. സഭയിൽ ചേർന്നവരും സുവിശേഷദൗത്യം വഹിപ്പാൻ ക്രമേണ പ്രാപ്തരായിക്കൊണ്ടിരിക്കുന്നതായി കാണാം. (നടപ്പുകൾ 8 : 8) ആദ്യസഭയ്ക്കുണ്ടായിരുന്ന ശക്തി കർത്താവിനെ കാണുകയും കേൾക്കുകയും ചെയ്ത അപ്പോസ്തോലന്മാരുടെ ധീരമായ സാക്ഷ്യം ആയിരുന്നു. വിശ്വസിച്ചവരുടെ എണ്ണം ചുരുങ്ങിയിരുന്നാലും അവർ വീടുകളിൽ ഒരുമിച്ചു കൂടുകയും അപ്പം നുറുക്കലിലും പ്രാർത്ഥനയിലും സഹകരിക്കയും ചെയ്തുവന്നിരുന്നത് വലിയൊരു സാക്ഷ്യമായിരുന്നു. എല്ലാവരും വിഗദ്ധപ്രസംഗകരായിരുന്നു എന്ന് അനുമാനിക്കേണ്ട ആവശ്യമില്ല. കാരണം, എല്ലാവരും പ്രസംഗിച്ചില്ലെങ്കിലും ഒരിമിച്ചു കൂടുകയും പ്രാബോധിപ്പിക്കയും കൂട്ടായ്മആചരിക്കയും ചെയ്തത് വലിയൊരു സാക്ഷ്യമായിരുന്നു. പ്രസംഗിപ്പാൻ കഴിവുള്ളവർ അതു ചെയ്കയും ചെയ്തിരുന്നു. സ്തേപ്പാനോസും പൗലോസും അപ്പല്ലോസുമൊക്കെ അക്കാര്യത്തിൽ മറ്റുള്ളവരെ കവിഞ്ഞിരുന്നു. എത്ര ദുർബലന്മാരും ഒരുമിച്ചു കൂടുമ്പോൾ അതിലൊരു ശക്തിയും സാക്ഷ്യവുമുണ്ട്. എത്ര വിദ്യാവിഹീനരും ഒരുമിച്ചു കൂടുമ്പോൾ അതിനൊരു ശക്തിയും സാ7് യവുമുണ്ട്. സഭയിലെ ഭൂരിപക്ഷം പേരും പ്രസംഗത്തിനും പ്രചരണത്തിനും നേതൃത്വത്തിനും കഴിവുള്ളവരായിരിക്കയില്ല. എല്ലാവരും പ്രസംഗിക്കാൻ കർത്താവ് ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ സഭയ്ക്കുവേണ്ടി അവർക്കു വഹിക്കാവുന്ന സാക്ഷ്യത്തിൽനിന്ന് അവർ ഒഴിവുള്ളവരായിരിക്കയില്ല. ആ സാക്ഷ്യം നിലനിർത്തുവാനാണ് ഞായറാഴ്ചകളിൽ അവർ ഒരുമിച്ചുകൂടുകയും പ്രാർത്ഥിക്കയും വി. കുർബാനയിൽ പങ്കുകൊള്ളുകയും പ്രബോധനം നടത്തുകയും ചെയ്തിരുന്നത്.

അന്നത്തെ ക്രിസ്തീയസഭയുടെ പരിതസ്ഥിതി നോക്കുകയാണെങ്കിൽ ഗവണ്മെന്റും, മറ്റു സമുദായങ്ങളും എല്ലാം സഭയ്ക്ക് എതിരായിരുന്നു. തലയെടുപ്പുള്ളവരും സ്വാധീനമുള്ളവരും ലോകത്തിൽ അറിയപ്പെട്ടിരുന്ന പ്രഗത്ഭന്മാരും സഭയ്ക്കെതിരായി പ്രവർത്തിച്ചും പ്രതികൂലസാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ഉണ്ടായിട്ടും ക്രിസ്ത്യാനികൾ സാക്ഷ്യം വഹിക്കുന്നതിൽ ഒരുമനപ്പെട്ട് പ്രവർത്തിച്ചിരുന്നതായിരുന്നു സഭയുടെ ശക്തി. രാഷ്ട്രീയമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഉയർച്ചയും നേട്ടങ്ങളും ഉണ്ടായാലും ക്രിസ്തീയവീക്ഷണത്തിൽ നോക്കുമ്പോൾ സുശക്തമായ സഭയെന്നു പറയുന്നത് ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുന്ന അംഗങ്ങൾ കൂടുതലുള്ളസഭയാണ്. അതുതന്നെയാണ സഭയ്ക്കുള്ളിലെ സുവിശേഷവേല. സഭയ്ക്കുള്ളിൽ ഈ പ്രക്രിയ നടക്കുന്നില്ലെങ്കിൽ സഭയ്ക്കു പുറമെ നടക്കാവുന്ന വേറൊരു സുവിശേഷവേല ഇല്ലെന്നു നാം ഓർക്കണം. ആധുനികമായ ഒരു ചിന്താഗതി എന്താണെന്നുവെച്ചാൽ സഭയ്ക്കുള്ളിൽ എങ്ങനെയും കിടക്കട്ടെ, സഭാംഗങ്ങൾ കുർബ്ബാനയിൽ പങ്കെടുത്തില്ലെങ്കിലും വേണ്ടില്ല. പ്രാർത്ഥിച്ചില്ലെങ്കിലും നോമ്പു നോക്കിയില്ലെങ്കിലും വേണ്ടില്ല, കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഉപേക്ഷിച്ചില്ലെങ്കിലും വേണ്ടില്ല. നമുക്ക് മറ്റുള്ളിടത്തു സുവിശേഷവേല ചെയ്യണം. അവിടെ ചെയ്യണം, ഇവിടെ ചെയ്യണം, പള്ളിമുറ്റംതോറും ചെയ്യണം, കവലകൾതോറും ചെയ്യണം എന്നിങ്ങനെയുള്ള ആഹ്വാനങ്ങളാണ് കേൾക്കാറുള്ളത്. സഭയ്ക്കുള്ളിൽ സുവിശേഷം വിജയിക്കുന്നില്ലെങ്കിൽ പുറമെ എങ്ങനെയാണ് ഫലവത്താകുന്നതെന്ന് ഗ്രഹിക്കുവാൻ വിഷമം. സഭയ്ക്കുപുറമെ സുവിശേഷം വിജയിക്കണമെന്ന് പരമാർത്ഥമായി ആഗ്രഹിക്കുന്നവർ, ആ ആഗ്രഹനിവൃത്തിക്കെങ്കിലും സഭയ്ക്കുള്ളിലെ കാര്യങ്ങൾ അച്ചടക്കമായും അപ്പസ്തോലികാലത്തോട് അനുയോജ്യമായും ഇരിക്കാൻ ശ്രമിക്കേണ്ടതാണ്.

സഭയ്ക്കുള്ളിലെ സാക്ഷ്യം ശക്തിപ്പെട്ടിരിക്കുന്നതിനാണ് സഭ ഏഴു കല്പനകൾ നൽകിയിരിക്കുന്നത്. അവ ശരിയായി അനുഷ്ഠിക്കുന്നവർക്ക് തീർച്ചയായും ജീവിതത്തിൽ ഒരു ക്രമീകരണം വരുത്താതിരിക്കുവാൻ സാദ്ധ്യമല്ല. സ്ക്കൂളിൽ പത്തുമണിക്ക് അദ്ധ്യാപകാദ്ധ്യേതാക്കൾ ഹാജരാകണമെന്നു നിയമം വയ്ക്കുന്നതുകൊണ്ട് അവർ മാത്രമല്ല അവരുടെ കുടുംബങ്ങളും, അവർ യാത്ര ചെയ്യുന്ന വാഹനങ്ങളും അതിനനുസരിച്ച് ചില സമയക്രമീകരണങ്ങൾക്ക് വശംവദരാകുന്നു. ഞായറാഴ്ചയിലും മാറാനായ പെരുന്നാളുകളിലും പള്ളികളിൽ ഹാജരായി വി. ബലിയിൽ പങ്കുകൊള്ളണമെന്നും, ആണ്ടിൽ അഞ്ചു നോമ്പുകൾ നോക്കണമെന്നും, കുമ്പസാരവും കുർബാനാനുഭവവും നടത്തണമെന്നും മറ്റും സഭ കല്പിച്ചിരിക്കുന്നത് അനുസരിക്കുമ്പോൾ വ്യക്തിപരമായി ഒരു ജീവിതക്രമീകരണവും, പൊതുവായി സഭയ്ക്കു ഒരു സാക്ഷീകരണവും ഉണ്ടാകുകയാണു ചെയ്യുന്നതെന്ന് പലരും ഓർക്കാറില്ല. ഞായറാഴ്ച നേരംവെളുക്കുമ്പോൾ ഉഴവുകാരൻ ഉഴവിന്നായും; കച്ചവടക്കാരൻ കച്ചവടത്തിനായും, വണ്ടിക്കാരനും വള്ളക്കാരനും സാമാനമിറക്കുന്നതിനായും പോകുന്നതു കാണുമ്പോൾ അത്രയും വിരുദ്ധത മറ്റുള്ളവർക്കുണ്ടാകുകയും അത്രയ്ക്കു സാക്ഷ്യം നഷ്ടപ്പെടുകയും ചെയ്യുന്നു. നേരെമറിച്ച് ഞായറാഴ്ച ദേവാലയവാതുക്കലേക്കു അണിയണിയായും കൂട്ടംകൂട്ടമായും സ്ത്രീപുരുഷഭേദമെന്യെ ആബാലവൃദ്ധം തടിച്ചുകൂടുമ്പോൾ എത്ര വലിയൊരു സന്ദേശവും സാക്ഷ്യവു



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

മാണ് മൂകമായി വിളംബരം ചെയ്യുന്നത്. മറ്റു സഭകളിലെ പള്ളികളിൽ ഈ ചൈതന്യം വിശുദ്ധ ദിവസങ്ങളിൽ ഓളംവെട്ടുന്നത് നാം കാണുന്നുണ്ടല്ലോ. അതു കണ്ടിട്ട് ദേവാലയത്തിൽ പോകാതിരിക്കുവാൻ ആർക്കു സാധിക്കും? എന്നു ചിന്തിച്ചുപോകാറുണ്ട്. ഓർത്തഡോക്സ് സഭയുടെ ആരാധനയുടെ മഹിമയും തിയോളജിയും പ്രസംഗമണ്ഡപങ്ങളിലും പുസ്തകങ്ങളിലും കൂടി നാം അറിയാറുണ്ടെങ്കിലും, പള്ളികളിൽ ആളുകൾ തടിച്ചുകൂടണമെന്നു സഭ പ്രതീക്ഷിക്കുന്ന ദിവസങ്ങളിൽ, നമ്മുടെ പുരാതന ഗംഭീരദേവാലയങ്ങൾപോലും എത്ര ദയനീയമാംവിധം ശുഷ്ക്കാമായിത്തീർന്നിരിക്കുന്ന ദൂരവസ്ഥ പരിഹരിക്കേണ്ടതാണെന്ന് ആരെങ്കിലും ചിന്തിക്കാറുണ്ടോ? നമ്മുടെ സഭ അതിനുള്ളിൽ ഈ വിധ സാക്ഷ്യം നഷ്ടപ്പെടുത്തുകയാണെങ്കിൽ, സുവിശേഷവേലയെക്കുറിച്ച് പറയുവാൻ ആർക്കാണ് എന്താണ് അവകാശം? എന്നു സവിനയം ചോദിച്ചു പോകയാണ്. വീട്ടിലുള്ള സ്വന്തം കൂടെപ്പിറപ്പുകൾക്ക് വേണ്ടുവോളം കൊടുക്കുവാൻ വകയുണ്ടായിട്ടും അതു ചെയ്യാത്തവർ മറ്റുള്ളവർ കൊടുക്കുവാൻ ആഹ്വാനം ചെയ്യുന്നത് ജലരേഖയ്ക്കു തുല്യം നിഷ്ഫലമായിത്തീരുകയല്ലേ ചെയ്യുന്നത്? സഭാംഗങ്ങൾ സഭയുടെ നിയമങ്ങൾ പഠിക്കാത്തതുകൊണ്ടുണ്ടാകുന്ന വിടവുകൾ പരിഹരിക്കുവാൻ മറ്റു മാദ്ധ്യമങ്ങൾ എന്തിനുതേടുന്നു? ഓർത്തഡോക്സുകാർ ഓർത്തഡോക്സുകാരായി ജീവിക്കുമ്പോൾ അതു തന്നെ വലിയ സാക്ഷ്യവും സുവിശേഷനിർവ്വഹണവുമാണെന്ന് വിശ്വസിക്കുന്ന അനേകരുണ്ട് എന്നതിനു സംശയമില്ല.

സുവിശേഷവേല എന്ന പദത്തിന്റെ ശ്രവണമാത്രയിൽ വി. തോമ്മ ശ്ലീഹാ ചെയ്ത വേലയും, ഫ്രാൻസീസ് സേവിയർ മുതലായ പാശ്ചാത്യമിഷ്യനറിമാർ ചെയ്ത വേലയും ആണ് സ്മൃതിപഥത്തിൽ വരുന്നത്. ഇന്നും വിവിധ പാശ്ചാത്യ സഭകൾ മിഷ്യനറിവേല ചെയ്യുന്നുണ്ട്. റോമൻകത്തോലിക്കാസഭ മിഷ്യനറിവേല ചെയ്യുന്നു എന്നു പറഞ്ഞാൽ ആ സഭയിലേക്ക് മറ്റുള്ളവരെ ചേർക്കുന്നു എന്നും, പ്രോട്ടസ്റ്റന്റു സഭക്കാർ ചെയ്യുന്ന വേലയെന്നു പറഞ്ഞാൽ ആ സഭയിലേക്ക് മറ്റുള്ളവരെ ചേർക്കുന്നുവെന്നും ആണെങ്കിൽ ഓർത്തഡോക്സ് സഭയുടെ മിഷ്യനറിവേല എന്നത് മറ്റുള്ളവരെ ഈ സഭയിലേക്കു ചേർക്കണമെന്നുള്ളത് ആയിരിക്കുമല്ലോ. നാം ഉദ്ദേശിക്കുന്നത്. ഈ സഭയിൽപെട്ടവർ മറ്റു വിഭാഗങ്ങളിലേക്കു പോകുന്നതിന്റെ നേരെ കണ്ണടച്ചു കഴിയുന്ന നമ്മൾ എങ്ങനെയാണ് മറ്റുള്ളവരെ ഇതിലേക്കു ക്ഷണിക്കുക വലയിൽപ്പെട്ടതു പോകാതെ പിടിച്ചു നിർത്തുവാൻ നമുക്ക് ആഗ്രഹവും കഴിവും ഇല്ലെങ്കിൽ പിന്നെ നമ്മൾ ആരെ ആദായപ്പെടുത്താനായിരിക്കണം ലക്ഷ്യം വെക്കേണ്ടത്. പല കാരണങ്ങളിൽകൂടെ ആണ്ടുതോറും അനേകർ ഈ സഭയിൽനിന്ന് നഷ്ടപ്പെടുന്നതിനെ കണ്ടിട്ടും കണ്ണടച്ചുകഴിയുകയല്ലേ നാം ചെയ്യുന്നത്. ഇങ്ങനെ എത്രനാൾ കണ്ണടച്ച് ഇരുട്ടാക്കിക്കൊണ്ടിരിക്കാം? വിവിധാവശ്യങ്ങൾക്കു വേണ്ടി സഭാപരിവർത്തനം ചെയ്യുവാൻ ഉദ്ദേശിക്കുന്ന നമ്മുടെ സഭാംഗങ്ങളോട് അത് അരുത് എന്നു പറയുന്നില്ലെന്നു മാത്രമല്ല. ആവശ്യമായ രേഖകളോടെ അനുവദിച്ച് ആശീർവദിച്ച് പറഞ്ഞയയ്ക്കുന്ന നമ്മുടെ സഭയ്ക്ക് സുവിശേഷവേലയെക്കുറിച്ചു പറയാൻ എന്തവകാശം? ഈ സഭയിൽ മാമോദീസാ മുങ്ങുന്ന എത്ര പേർ ഇതിലുണ്ട്? ഈ സഭയിൽപ്പെട്ടവരാണെന്നു പറയുന്ന എത്രപേർക്ക് ഇവിടെനിന്ന മാമോദീസാ ലഭിച്ചിട്ടുണ്ട്? സുവിശേഷവും സഭയുടെ വിശ്വാസവും രണ്ടല്ല ഒന്നുതന്നെയാണ്. സഭയുടെ വിശ്വാസം പ്രചരിപ്പിക്കുന്നതാണ് ഓർത്തഡോക്സ് സഭയുടെ ഭാഷയിൽ സുവിശേഷവേല എന്നുള്ളത്. ഓർത്തഡോക്സ് സഭയുടെ വിശ്വാസം പാലിക്കുവാൻ ഈ സഭയുടെ അംഗങ്ങൾ ദൃഢനിശ്ചയം ചെയ്യാതിരിക്കെ, സുവിശേഷവേല ചെയ്യണം എന്ന് ആരെങ്കിലും പറഞ്ഞാൽ ഒന്നുകിൽ അത് ജനത്തോടു ചെയ്യുന്ന കടുംവഞ്ചന, അല്ലെങ്കിൽ പൊതുജനത്തെ കഴുതയാക്കുന്ന പദ്ധതി എന്നേ വിചാരിക്കേണ്ടതുള്ളൂ.

നാം ഓർത്തഡോക്സ് സഭാവിശ്വാസത്തെ പാലിച്ചു ജീവിക്കുന്നുവെങ്കിൽ മനസ്സാക്ഷിക്കുത്തൽ ഇല്ലാതെ സുവിശേഷവേല അത്യാവശ്യമാണെന്നും മറ്റുള്ളവർ ഈ സഭയിൽകൂടെ രക്ഷയിലേക്കു പ്രവേശിപ്പാൻ അവരെ ആദായപ്പെടുത്തേണ്ടതാണെന്നും ചങ്കൂറ്റത്തോടെ പറയാൻ സാധിക്കും. ഈ തൊഴുത്തിൽ ജനിച്ച് മറ്റു തൊഴുത്തുകളിൽ വളരാൻ അനുവദിക്കുന്ന ഇപ്പോഴത്തെ പരിതസ്ഥിതിയിൽ അഥവാ ഈ വിശ്വാസത്തിലേക്ക് മറ്റുള്ളവർ വരുന്നതല്ല സുവിശേഷവേല എങ്കിൽ സുവിശേഷവേലയ്ക്ക് വേറെ നിർവ്വചനം കൊടുക്കേണ്ടിവരും. ഈ സഭയിൽ ഉള്ള പത്തു പേരെയെങ്കിലും പിടിച്ചുനിർത്തുവാൻ നമുക്കു കെല്പില്ലെങ്കിൽ കേരളത്തെ മുഴുവനും അല്ല ഇൻഡ്യയെ മുഴുവനും പോരാ, ഭൂതലത്തെ മുഴുവനും നാമാണ് ആദായപ്പെടുത്തേണ്ടത് എന്നു പറയുന്നതിനെ നാം എങ്ങനെ മനസ്സിലാക്കണം? സുവിശേഷവേല എന്നു പറയുന്നത് യേശുക്രിസ്തുവിൽ വിശ്വസിച്ചു മാമോദീസാ മുങ്ങി സഭയുമായുള്ള കൂദാശാബന്ധത്തിൽ ജീവിക്കുന്നതിന് ആഹ്വാനം ചെയ്യുന്നതിലല്ലേ പൂർണ്ണതയിൽ വരുന്നത്? മാമോദീസാ മുങ്ങേണ്ടാത്തതും സഭാംഗത്വം പാലിക്കേണ്ടാത്തതുമായ ഒരു സുവേശേഷം ഇല്ലാത്ത സ്ഥിതിക്ക്, സഭയിലുള്ളവരെ ഉറപ്പിച്ചു നിർത്തുകയും സഭാപരിവർത്തനം ചെയ്യുന്നവരോടു വിയോജിക്കുകയും ചെയ്യുന്നവർക്കു മാത്രമേ സാക്ഷാൽ സുവിശേഷത്തിന്റെ വക്താക്കളായി പ്രവർത്തിക്കുവാൻ സാധിക്കൂ.

നമ്മുടെ സഭയിൽ സുവിശേഷതാല്പര്യം ഉണ്ടെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലിരിക്കേണ്ടതാണ്. 1). സഭാവിശ്വാസം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം. 2. നമ്മിൽകൂടെ മറ്റുള്ളവർ കർത്താവിനെ അറിയത്തക്കവണ്ണം സഭയുടെ വിശ്വാസങ്ങൾക്ക് അനുസരണമായി നാം ദീഷ്ണതയോടെ ജീവിക്കണം

3) സഭാപരിവർത്തനം ചെയ്യുന്നവരുമായി നമുക്കു സമ്പർക്കമെ അനുരഞ്ജനമനോഭാവമോ പാടില്ല.



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

## കവിത

എം.എസ്. മാത്യു

### അന്ധനും ഊമനുമായ പിശാചുബാധിതൻ

(മത്തായി 12;22-27; മർക്കോസ് 3:20-30
ലൂക്കോസ് 11:14-18
(കാകളി)

ഏശായ തന്റെ സന്ദേശനിവർത്തന-
മാണേശു തന്റെ പ്രവർത്തനമെന്നത്
ശ്രോതാക്കളെ ധരിപ്പിക്കുവാനായിട്ട്
യേശു വിശദീകരിച്ചേറെ കാര്യങ്ങൾ
അന്നേരം ഭൂതഗ്രസ്തനുമാമൂമനെ
ഭൂതത്തെ യേശു പുറത്താക്കിയപ്പൊഴേ
ഭൂതഗ്രസ്തൻ സംസാരിച്ചു തുടങ്ങിന്നാൽ
അന്നേവരെ അന്ധനായിരുന്നോനവൻ
അന്നേരം കാഴ്ചയുള്ളോനായെന്തത്ഭുതം!
ദാവീദ് പുത്രൻ ഇവനായിരിക്കുമോ,
യൂദാ ജനതക്ക് മോചനമേകുവോൻ?
പ്രീശരിതുകേട്ട് ആക്രോശിച്ചിങ്ങനെ;
ബേൽസബൂബാവേശിച്ചോനാണിവൻ ദൃഢം
ഭൂതത്തലവനാം ബേൽസബൂബെക്കൊണ്ട്
ഭൂതബാധയെ ബഹിഷ്കരിക്കുന്നിവൻ
അത്തരം ചിന്തകൾ കേട്ടു മൊഴിഞ്ഞേശു:
അന്ത: ഛിദ്രമുള്ളരാജ്യം നശിച്ചുപോം;

4). നമ്മുടെ ചുറ്റുമുള്ള ഇതരമതസ്ഥന്മാരെക്കുറിച്ച് കൂടുതൽ പഠിക്കയും മനസ്സിലാക്കുകയും ചെയ്യുവാൻ നാം സഹിഷ്ണത കാണിക്കണം.

5. നമ്മുടെ ഇടവകകളിൽ അംഗങ്ങളാണെന്നു ഭാവിക്കുകയും മറ്റു സഭകളുടെ ഏജന്റന്മാരായി പ്രവർത്തിക്കുകയും ചെയ്യുന്നവരുടെമേൽ നിയമവിധേയമായി അച്ചടക്കനടപടി എടുക്കണം. വിശ്വാസസത്യാഗം ചെയ്യാത്തവരുടെ സുരക്ഷിതത്വത്തിന് അത് അത്യാവശ്യമാണ്.

6. കേരളത്തിൽ നമുക്കു ചുറ്റുമുള്ള വിവിധ മതക്കാരോടും, വിവിധ ക്രൈസ്തവവകുപ്പുകാരോടും ഏതെല്ലാം വിധത്തിൽ എത്രത്തോളം നമുക്കു ബന്ധവും സഹകരണവും പാലിക്കാം എന്നുള്ളത് വ്യക്തമാക്കിക്കൊടുക്കണം. സഭയ്ക്കുള്ളിൽ നടക്കേണ്ട ഈ കാര്യങ്ങളിൽ നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ സഭയ്ക്കു വെളിയിൽ നടക്കേണ്ട സുവിശേഷവേലയെക്കുറിച്ച് നാം ദിവാസ്വപ്നം കാണേണ്ട ആവശ്യമില്ല. വള്ളത്തിൽ ഉള്ള ദ്വാരം അടയ്ക്കാതെ വെള്ളം തേകിക്കളയുന്നത് പാഴ് വേലയാണ്, ഭോഷത്വമാണ്.

## ബൈബിൾ പഠനം

എലിസബത്ത് ,കുന്നംകുളം

അപ്പോസ്തോല പ്രവർത്തികൾ

28 അദ്ധ്യായം

1. മറ്റൊരുത്തനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ വേറൊരു നാമവും ഇല്ല. വാക്യം?.
2. ലുക്കവോന്യ പട്ടണങ്ങൾ ഏത്?
3.മുറാ പട്ടണം എവിടെ?
4. വെള്ളതേച്ച ചുമരേ എന്ന് ആരെ സംബോധന ചെയ്യുന്നു?
5. അരയോപഗസ്ഥാനി ആര്?
6. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം. വാക്യം?
7. ഫെലിക്സിനു പിൻ വാഴി?
8. ഏതു ദേവാലയഗോപുരത്തിങ്കലാണ് മുടന്തൻ ഇരുന്നിരുന്നത്?
9. ക്രേത്ത ദ്വീപിൽ മറപറ്റി ഓടുമ്പോൾ അടിച്ച കൊടുങ്കാറ്റിന്റെ പേര്?
10. അനന്യാസിനും സഫീറക്കും സംഭവിച്ചത് രേഖപ്പെടുത്തിയവേദഭാഗം?
11. ദൈവത്തിനു മുഖപക്ഷമില്ല വാക്യം?
12. ആരെ വേർതിരിപ്പാനാണ് പരിശുദ്ധാത്മാവ് പറഞ്ഞത്?
13. പത്രോസിന്റെ വാക്കുകേട്ട് സ്നാനം ഏറ്റവർ എങ്ങിനെ കഴിഞ്ഞു വന്നു?
14. കിളിവാതിലിൽകൂടി വീണ യൗവനക്കാരൻ? രക്ഷപ്രാപിക്കും വാക്യം?
15. ലുദ്രയിൽവെച്ച് പത്രോസ് സൗഖ്യമാക്കിയ പക്ഷവാതക്കാരൻ?
16. സർ ഗ്ഗ്യൊസ് പൗലോസ് ആര്?
17. പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ടതെങ്ങനെ?
18. പടിപുരവാതിൽ തുറന്നുകൊടുത്ത ബാല്യക്കാരിത്തി?
19. തബിഥായുടെ ദേശം?
20. യുസ്തൊസ് എന്നതിന് മറുപേര്?
21. മക്കദോത്യയുടെ പ്രധാന പട്ടണങ്ങൾ?
22. ക്ഷേത്ര രൂപങ്ങളെ തീർക്കുന്ന തട്ടാൻ?
23. കള്ളപ്രവാചകനായൊരു വിദ്വാൻ?
24. മ്നാസോൻ ഏതു നാട്ടുകാരൻ?
25. സർവ്വജനത്തിനും ബഹുമാനമുള്ള ധർമ്മോപദേഷ്ടാവ് ആര്?
26. ലോകത്തിൽ മഹാക്ഷാമം ഉണ്ടാകും എന്ന് ആത്മാവിനാൽ പ്രവചിച്ചതാര്?
27. സ്തെഫാനോസിനെക്കുറിച്ചു പ്രലാപം കഴിച്ചവർ ആര്?
28. അബ്രഹാമിനു തേജോമയനായ ദൈവം പ്രത്യക്ഷനായത് എവിടെവെച്ച്?
29. ബർന്നബാസ് എന്നാൽ?
30. കർത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും

ബൈബിൾ പഠനത്തിന്റെ ഉത്തരങ്ങൾ റഫറൻസ് സഹിതം അടുത്തമാസം 15-ാം തിയ്യതിയ്ക്കു മുമ്പായി അയയ്ക്കേണ്ടതാണ്.

### വി ലൂക്കോസ് ഉത്തരങ്ങൾ

| | |
|---|---|
| 1. 13 : 28 | 2. 11 : 23 |
| 3. 17 : 5,6 | 4. 23 ; 34 |
| 5. 4 : 27 | 6. 12 : 54 |
| 7. 21 : 19 | 8. 3 : 23 |
| 9. 2 : 35 | 10 3 : 13 |
| 11. 24 : 42 | 12. 1 : 5 |
| 13. 50 : 50 | 14. 22 : 41,42 |
| 15. 11 : 80 | 16. 17 : 29 |
| 17. 13 : 31,32 | 18. 2 : 25 |
| 19. 5 : 29 | 20. 2 : 40 |
| 21. 7 : 36-50 | 22. 1 : 19 |
| 23 6 : 35 | 24. 10 :15 |
| 25. 2 : 1 | 26 11 : 2-4 |
| 27. 4 : 23 | 27. 4 : 23 |
| 28. 13 : 4 | 29. 11 : 42 |
| 30. 3 : 38 | |



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

(മുൻലക്കം തുടർച്ച........) (OSSAE പാഠാവലി VI 9,10,11 പാഠങ്ങൾ)

**കൃതജ്ഞതാപ്രകടനം**

നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവ് അനുസ്മരിക്കുന്ന പടിഞ്ഞാറോട്ടുള്ള എഴുന്നെള്ളത്തിൽ തിരശ്ശീല നീക്കുന്നത് സ്വർഗ്ഗം തുറക്കുന്നതിനേയും മണിയടികളും മറവഹസാകളുടെ കിലുക്കവും കത്തിച്ച മെഴുകുതിരികളും മാലാഖമാരുടെ കൂട്ടത്തേയും സത്യവിശ്വാസികളായ പരേതരുടെ ആത്മാക്കളുടെ സാന്നിദ്ധ്യത്തേയും കാഹള നാദത്തേയും പ്രധാന ദൂതന്റെ ശബ്ദത്തേയും ധ്വനിപ്പിക്കുന്നു. കിഴക്കോട്ട് തിരികെ പോകുമ്പോൾ ചൊല്ലുന്ന ഗീതം (ഭൂവാകെ നമിക്കും നിന്നെ...........) യേശു കർത്താവ് എന്ന് എല്ലാവരും ഏറ്റുപറയും എന്ന ആശയത്തെ സ്പഷ്ടമാക്കുന്നു. (വെളിപാട് 1:7, ഫിലി: 2,10,11) പിന്നീട് പ്രധാന കാർമ്മികൻ നടത്തുന്ന കൃതജ്ഞത പ്രാർത്ഥനയിൽ സ്വർഗ്ഗീയ മേശയുടെ സംബന്ധത്തിനു യോഗ്യരാക്കിയതിലും ലഭിച്ച സ്വർഗ്ഗീയ ദാനങ്ങൾക്കും ആത്മീയ നൽവരങ്ങൾക്കും ദൈവകൃപയ്ക്കു വേണ്ടിയും നന്ദി അർപ്പിക്കുന്നു. അതിനുശേഷം നടത്തുന്ന പ്രാർത്ഥന പുത്രൻ തമ്പുരാനോടാണ് (ഭൂരിഭാഗം പ്രാർത്ഥനകളും പിതാവാം ദൈവത്തോടാണ്) ഈ സമാപന പ്രാർത്ഥനയുടെ അവസാനഭാഗം ശ്രദ്ധേയമാണ്.... നിന്നേയും നിന്റെ ജനകനായ പിതാവാം ദൈവത്തേയും സകലത്തിനും വിശുദ്ധനും ഉത്തമനും വന്ദ്യനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ നിന്നോട് സമത്വമുള്ളവനുമായ നിന്റെ റൂഹായേയും ഞങ്ങൾ ഇടവിടാതെ ഇപ്പോഴും എല്ലായ്പ്പോഴും മഹത്വപ്പെടുത്തുവാനായിട്ടു തന്നെ....("That we may perpectually glorify Thee") എന്ന് പ്രാർത്ഥിക്കുന്നതിൽനിന്നും നമ്മുടെ അനുദിനജീവിതം ദൈവത്തെ മഹത്വപ്പെടുത്തുന്നതായി എന്നു ആശയം ഊന്നിപ്പറയുന്നു. (We must make our common life part and parcel of out Eucharistic worship)

**സമാപനസന്ദേശങ്ങൾ-Farewell Discourses**

പ്രധാനകാർമ്മികൻ കുർബ്ബാന അർപ്പിച്ചതിന്റെ ഉദ്ദേശത്തിനും അതാതുദിവസത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തി യോജിച്ച ഗീതങ്ങൾ സമാപനമായി ചൊല്ലുന്നു. ഈ സമാപന ഗീതത്തെ ഹൂത്തോമ (Conclusion) എന്നു പറയുന്നു. ഇതിനുശേഷമാണ് സമാപനസന്ദേശം നല്കുന്നത്. ഇതിനെ മറ്റൊരു രീതിയിൽ പറഞ്ഞാൽ "ഭരമേല്പ്പിക്കലും യാത്രയയപ്പും" എന്നു വിശേഷിപ്പിക്കാം. ഇതിന് മൂന്നു ഭാഗങ്ങളുണ്ട്.

ദിവ്യ ബലിയിൽനിന്ന് ലഭിച്ച ആത്മീയ കൃപയിൽ തൃപ്തരായി തീർന്നതിലുള്ള ചാരിതാർത്ഥ്യം അറിയിച്ചും തന്റെ പേർക്ക് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടുംകൊണ്ട് എല്ലാവരേയും ആശീർവദിച്ച് യാത്രയാക്കുന്ന ഈ പ്രസ്താവന വളരെ ഹൃദയസ്പർശിയാണ്. "എന്റെ സഹോദരങ്ങളും വാത്സല്യമുള്ളവരുമേ, കർത്താവിന്റെ പുണ്യപ്പെടുത്തുന്ന മദ്ബഹായിൽനിന്നു നിങ്ങൾ കൈക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളോടും തണ്ണീർകുടികളോടുംകൂടെ വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിങ്ങളെ ഭരമേല്പിക്കുന്ന ഈ സമയത്ത് നിങ്ങൾ സമാധാനത്തോടെ പോകുവിൻ" എന്നാണ് ആദ്യഭാഗം. കഷ്ടാരിഷ്ടങ്ങൾ നിറഞ്ഞ ഈ ലോക വ്യാപാരങ്ങളിൽ നിന്ന് (ശോകം നിറയും ലോകനിവാസം........) ഒഴിഞ്ഞ് ദേവാലയത്തിൽ പരിശുദ്ധരോടും പരേതരോടും സ്വർഗ്ഗീയ സൈന്യങ്ങളോടുമൊത്ത് ദൈവത്തെ സ്തുതിച്ച് (സാക്ഷികളുടെ സമൂഹം -എബ്രാ:12:1) ദൈവീകസാന്നിദ്ധ്യത്തിൽ സന്തോഷിച്ച് സംതൃപ്തരായ നാം (ഗുരോ നാം ഇവിടെ ഇരിക്കുന്നത് നല്ലത് എന്നു പത്രോസ് ശ്ലീഹായുടെ മറുരൂപമലയിലെ മൊഴി ഓർക്കുക നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസങ്ങളേക്കാൾ ഉത്തമമല്ലോ എന്ന സങ്കീർത്തനവാക്യവും ചേർത്ത് ചിന്തിക്കാം.) ദേവാലയം വിട്ടുപോകുമ്പോൾ നാം അനുഭവിച്ച സന്തോഷം നഷ്ടപ്പെട്ടുപോകാതിരിക്കുവാൻ ആശംസിക്കുകയാണിവിടെ. "തണ്ണീർകുടികൾ" എന്നത് "സ്വോദെ" എന്ന പദത്തിന്റെ മലയാളം തർജ്ജിമയാണ് PROVISION FOR TRAVELLERS എന്നാണ് ഇംഗ്ലീഷ് പരിഭാഷ. അത്കൊണ്ട് "വഴിയാഹാരം" എന്ന പദം ഉപയോഗിക്കുന്നതിൽ നിന്നും റോമൻ കത്തോലിക്ക സഭ വി. കുർബ്ബാനയെ"VIATICUM" (വഴിയാഹാരം) എന്ന് വിശേഷിപ്പിക്കാറുണ്ട്. ഈ ലോകജീവിതം മരുഭൂ യാത്രയായും വി. കുർബ്ബാനാനുഭവം മരുപ്പച്ചയിലെ സംതൃപ്തിയായും താരതമ്യം ചെയ്യുകയാണ്. ഈ ലോകയാത്രയ്ക്കു ആവശ്യമായ വഴിയാഹാരമാണ് വി. കുർബ്ബാനാനുഭവം എന്ന് സഭാമക്കൾ മനസ്സിലാക്കിയിരുന്നെങ്കിൽ! മാത്രമല്ല, ഈ ലോകയാത്രയിൽ നമുക്കുനേരിടേണ്ടിവരാവുന്ന പ്രതിസന്ധികളെ തരണം ചെയ്യുവാൻ നമുക്ക് കാവൽ ആവശ്യമായതിനാൽ വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും വിശ്വാസികളെ ഭരമേല്പ്പിക്കുന്നു.

"സമീപസ്ഥരോടുകൂടെ ദൂരസ്ഥരും വാങ്ങിപ്പോയവരോടുകൂടെ ജീവനുള്ളവരും, കർത്താവിന്റെ ജയമുള്ള സ്ലീബായാൽ രക്ഷപ്പെട്ടവരും വിശുദ്ധ മാമോദീസായുടെ റൂശ്മായാൽ മുദ്രകുത്തപ്പെട്ടവരുമേ! ഈ ത്രിത്വം നിങ്ങളുടെ കടങ്ങളെ പരിഹരിക്കുകയും അകൃത്യങ്ങളെ ക്ഷമിക്കുകയും നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കുകയും ചെയ്യും."

"ബലഹീനനും പാപിയുമായി



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# കലുഷിത സഭാന്തരീക്ഷത്തെ സമാധാനത്തിലേക്ക് നയിക്കണം

സി.വി. മാണിവൈദ്യൻ, ചെമ്പകശ്ശേരിൽ കൊല്ലാട്, കോട്ടയം

ജനങ്ങളിൽ സ്വാധീനമുള്ളവർ സമാധാന ശ്രമം നടത്തണം. അവരുടെ പരിഗണനയ്ക്ക് ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

1. താല്ക്കാലിക ക്രമീകരണം 2. ശാശ്വതസമാധാനം എന്ന് രണ്ടു ഘട്ടങ്ങളിലായി നടത്തണം. ശാശ്വത സമാധാനസ്ഥിതി ആദ്യം വിശ്ശദമാക്കുന്നു. സഭയിലെ സന്യാസ ആശ്രമങ്ങൾ (ദയറാകൾ) സ്വയം പര്യാപ്തങ്ങളായി വികസ്സിപ്പിക്കണം. പരിത്യാഗികളായി ദൈവവേലയ്ക്ക് സ്പർശിക്കുന്നവർ സ്വയം ആശ്രമത്തിൽ ആയുഷ്കാല അംഗങ്ങൾ ആകണം. അവരുടെ സ്വത്ത് ആശ്രമത്തിന് നല്കണം. സ്വന്തസമ്പാദ്യമില്ലാതെ എല്ലാ ജോലികളും സ്വയമായി ചെയ്ത് ആശ്രമശിക്ഷണത്തിൽ ലളിതജീവിതം നയിക്കണം. യേശുക്രിസ്തു പ്രേഷിതവേലയ്ക്ക് ഈരണ്ടു പേരെ അയച്ചതുപോലെ സന്യാസികൾ വിവിധ സ്ഥലങ്ങളിൽ ജനങ്ങളുടെ ധാർമ്മീക ഉന്നമനവും ജീവകാരുണ്യ പ്രവർത്തനവും നടത്തണം. പത്തു വർഷമെങ്കിലും ആശ്രമ ശിക്ഷണത്തിൽ ആയവരിൽ നിന്നും ഭാവിയിൽ മെത്രാച്ചന്മാരെ തിരഞ്ഞെടുത്ത് വാഴിക്കണം. മെത്രാച്ചൻ ആശ്രമശിക്ഷണവും സ്ഥിരാംഗത്വവും തുടരണം. ആശ്രമത്തിലെ ഒരു സഹസന്യാസിയുടെ നിരന്തരസഹകരണത്തോടെ കാതോലിക്കാബാവ മലങ്കരമെത്രാപ്പോലീത്താ സഭാ കേന്ദ്രത്തിലും സ്ഥലം മാറ്റത്തിന് വിധേയരായ ഇടവകമെത്രാപ്പോലീത്താ അതതു ഭദ്രാസനങ്ങളിലും ഭരണസമിതികളിൽ അദ്ധ്യക്ഷത വഹിക്കണം. തുടർന്ന് ധനസമ്പാദനം, ചെലവ്, കോളേജ് സ്ക്കൂളുകളുടെ ഭരണം, വ്യവഹാരം, ഗവർമെന്റുമായുള്ള സമ്പർക്കം പ്രസ്താവനകൾ മുതലായവ ലൗകീകങ്ങൾ ഭരണസമിതി നിയോഗിക്കുന്നവർ നടത്തണം. അവരുടെ പ്രവർത്തനത്തിൽ തെറ്റു വന്നാൽ മെത്രാപ്പോലീത്താ അവരെ തിരുത്തണം. സന്യാസ ആശ്രമശിക്ഷണത്തിൽ തുടരുന്ന ബാവായും മെത്രാച്ചനും വീടുകളിലും ഹോട്ടലുകളിലും സൽക്കാരങ്ങളിൽ സംബന്ധിക്കരുത്. രാത്രി താമസ്സിക്കരുത്. പണം ആരേൽപ്പിച്ചാലും സഹസന്യാസി രസീത്കൊടുത്ത് സഭാ കേന്ദ്രത്തിൽ അതേൽപ്പിക്കണം. മെത്രാപ്പോലീത്തായുടെ എല്ലാ ചെലവുകളും സഭയിൽ നിന്നും നടത്തണം. ബാവായും മെത്രാച്ചന്മാരും ലൗകീകങ്ങളിൽ കൂടുതൽ ഇടപെടാതെ ജനങ്ങളുടെ ആത്മീകവളർച്ചയിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും വ്യാപൃതരാകണം.

(ലൗകീകവും ആത്മീകവും ഒരുമിച്ചുനടത്തുന്നതിലുള്ള അനൗചിത്യം യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്) എല്ലാവരോടും സമഭാവനയിൽ ഇടപെടണം. ആശ്രമത്തിലെ ലാളിത്യം തുടരണം. പരിശുദ്ധൻ, ശ്രേഷ്ഠൻ, സിംഹാസനാരൂഢൻ തുടങ്ങിയ ഔന്നത്യസൂചക ശീർഷകങ്ങൾ ഒഴിവാക്കണം. കല്പനകൾ ഒഴിവാക്കി ഇടയലേഖനങ്ങൾ അയയ്ക്കുന്നതാണ് ഉചിതം സാമ്പത്തീക സംരംഭം വിരക്തി ആയി, സൽക്കർമ്മനിരതരായി പ്രാർത്ഥനാനിരത ലളിതനിർമ്മല ജീവിതം നയിക്കുന്ന ആചാര്യന്മാരെ ദൈവാനുഗ്രഹശ്രോതസ്സുകളായി ജനങ്ങൾ ആദരിക്കും, അനുഗമിക്കും. എൺപതു വയസ്സായവർ ബാവായും മെത്രാച്ചന്മാരും അവരവർ സ്ഥിരാംഗങ്ങൾ ആയിട്ടുള്ള ദയറാകളിലേക്ക് വിരമിക്കണം. ആത്മീക പ്രവർത്തനങ്ങൾ തുടരണം. ശാശ്വത സമാധാനത്തിൽ സഭയുടെ സ്ഥിതി മുന്നിൽകണ്ട്കൊണ്ട് താല്ക്കാലിക ക്രമീകരണങ്ങൾക്ക് ഇരുവിഭാഗങ്ങളും തയ്യാറാകണം. ഇരുവിഭാഗങ്ങളിലെ കാതോലിക്കാ ബാവാമാരും പാത്രിയർക്കീസ് ബാവായോട് ബന്ധപ്പെട്ടിരിക്കണം. നിലവിലുള്ള ബാവാമാർക്കും മെത്രാച്ചന്മാർക്കും സ്ഥലം മാറ്റമോ വിരമിക്കലോ ബാധകമല്ല. യാക്കോബായ വിഭാഗത്തിൽ നിലവിലുള്ളകാതോലിക്കാബാവായുടേയും മെത്രാച്ചന്മാരുടെയും കാലത്തോളം ഇരുവിഭാഗങ്ങൾ ഇന്ന് തർക്കമുള്ളപണികളിൽ ഭൂരിപക്ഷം തീരുമാനിക്കുന്ന ആൾ അവിടെ ഇടവകമെത്രാപ്പോലീത്താ ആയിരിക്കും. എന്നാൽ ശവസംസ്ക്കാരത്തിന് മരിച്ച ആളിന്റെ ബന്ധുക്കൾക്ക് സഭയിലെ ഏതു മെത്രാച്ചനേയോ വൈദീകനേയോകൊണ്ട് സംസ്ക്കാരശുശ്രൂഷ നടത്താവുന്നതാണ്. എല്ലാവരും സഭാഭരണഘടന അംഗീകരിക്കുന്നതായി രേഖപ്പെടുത്തണം. മേലിൽ ഭരണഘടന അനുസരിച്ച്മാത്രം മെത്രാച്ചനേയും വൈദീകനേയും നിയമിക്കണം.

---

രിക്കുന്ന ദാസനായ ഞാൻ നിങ്ങളുടെ പ്രാർത്ഥനകളാൽ കരുണകൈകൊണ്ട് സഹായിക്കപ്പെടുമാറാകട്ടെ. നിങ്ങൾ സന്തോഷിച്ചു തൃപ്തരായി സമാധാനത്തോടെ പോകുവിൻ എന്നേക്കും എനിക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്‌വീൻ. പ്രധാന കാർമ്മികന്റെ വിനയത്തോടെ പ്രസ്താവിക്കുന്ന ഈ ഭാഗം പൗലോസ് ശ്ലീഹായുടെ വാക്കുകൾ ധ്വനിപ്പിക്കുന്നവയാണ്. "ആ പാപികളിൽ ഞാൻ ഒന്നാമൻ" എന്ന് പരിശുദ്ധനായ ശ്ലീഹാ, പുതിയനിയമത്തിലെ ഭൂരിഭാഗം പുസ്തകങ്ങളുടെ എഴുത്തുകാരൻ പറയുന്ന വിനീതസ്വരം അനുകരണീയമാണ്. ആ request എത്രപേർ മുഖവിലക്കെടുത്ത് പ്രാർത്ഥിക്കുന്നു എന്ന് പരിശോധിക്കുന്നത് നല്ലതാണ്.



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# നിഗൂഢലക്ഷ്യത്തോടുകൂടിയ അനുരഞ്ജന ചർച്ച വേണ്ട

കെ.വി. മാമ്മൻ, കോട്ടയ്ക്കൽ

സഭാ സമാധാനം മരീചികയോ? എന്ന ശീർഷകത്തിൽ ഫെബ്രുവരി ലക്കം ഇടവകപത്രികയിൽ മാനേജിംഗ് എഡിറ്റർ സി.വി. ഉക്രുക്കുട്ടി എഴുതിയ ശ്രദ്ധേയമായ മുഖപ്രസംഗം സഭാസ്നേഹികളെ ഇരുത്തി ചിന്തിപ്പിക്കാനും കർമ്മോൽസുകരാക്കാനും തികച്ചും പര്യാപ്തമാണ്. മലങ്കര സഭയുടെ ചരിത്രം പഠിക്കുന്നവർക്കു മാത്രമേ സുന്ദരമായ “അനുരഞ്ജനം” എന്ന വാക്കിൽ അടങ്ങിയിരിക്കുന്ന വിഷലിപ്തമായ ഗൂഢതന്ത്രത്തിന്റെ പൊരുൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. “വല്ലതും കിട്ടുമെങ്കിൽ അത്രയും നല്ലത്, കിട്ടിയില്ലെങ്കിൽ നഷ്ടപ്പെടാൻ ഒന്നുമില്ലല്ലോ” ഇതാണ് ചർച്ചകളുടെ ലക്ഷ്യം. മലങ്കരഓർത്തഡോക്സ് സഭയിൽ രണ്ടു ചിന്താഗതിക്കാരുണ്ടെങ്കിൽ തന്നെ ഏക സഭ എന്നത് രണ്ടു സഭാ വിഭാഗങ്ങൾ അല്ല. മലങ്കര സഭ ഒന്നേയുള്ളൂ. സുപ്രീം കോടതിയും കാര്യവിവരമുള്ള പണ്ഡിതന്മാരും അക്കാര്യം പല തവണ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു ചെറിയ ജനപക്ഷം ചില പ്രത്യേക ലക്ഷ്യങ്ങൾ വച്ച് അക്കാലത്തു പിരിഞ്ഞുപോയ ശേഷം തങ്ങൾ ഒരു പ്രത്യേക സഭയാണെന്ന് വാദിക്കുന്നതിലെ യുക്തി സമനിലതെറ്റാത്ത സഭാ സ്നേഹികൾക്കു മനസ്സിലാക്കാൻ പ്രയാസമാണ്.

ഉദാ: ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സിൽ നിന്ന് അടുത്ത കാലത്തുപിരിഞ്ഞുപോയ ഏതാനും കോൺഗ്രസുകാർ ഒരു ലീഡറുടെ കീഴിൽ നിന്നുകൊണ്ടു തങ്ങളാണ് യഥാർത്ഥ കോൺഗ്രസ്സെന്നുപറഞ്ഞുകൊണ്ട് കുറച്ചുനാൾ ശബ്ദകോലാഹലങ്ങളും ശൈഥല്യവും ശല്ല്യങ്ങളും മനഃപൂർവ്വം സൃഷ്ടിച്ച ശേഷം കേരളത്തിൽ എൻ.സി.പി.യായി മാറി. ഇനിയും തങ്ങൾ കോൺഗ്രസ്സിലാണെന്നും പാർട്ടി ഓഫീസുകൾ പങ്കുവെയ്ക്കണമെന്നും പറയുന്നതുപ്പോലെ വിഘടിച്ച് മാറിനിന്നുകൊണ്ട് പുരാതനസഭയുടെ പള്ളികൾ വേണമെന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്? ഇവരുമായി എന്ത് അനുരഞ്ജന ചർച്ച? സഭാ ചരിത്രമോ, ഒരു വൈദേശിക സഭയുടെ ഇവിടെയുള്ള സിൽ ബന്ധികളുടെ ദുഷ്ടലക്ഷ്യമോ, കേസുകളുടെ അടിസ്ഥാന കാരണമോ ഒന്നും അറിഞ്ഞുകൂടാത്ത നിരീശ്വരവാദികളായ മുഖ്യമന്ത്രിയുടെയും മറ്റു സി.പി.എം. നേതാക്കളുടെയും നേതൃത്വത്തിലുള്ള അനുരഞ്ജന ചർച്ചകൾക്ക് എന്തർത്ഥവും സാംഗത്വവുമാണുള്ളത്? വിഘടിച്ചുനിൽക്കുന്നവർ ഒരു പ്രത്യേക സഭയാണെങ്കിൽ ആർക്കും വേണ്ടാത്ത എൻ. സി.പി.യെപ്പോലെ മാറി നിന്നുപ്രവർത്തിക്കുന്നതല്ലെ അഭികാമ്യം.

1958 ലെ സഭാ സമാധാനത്തിനുശേഷം അനർഹനായ സമുന്നത വ്യക്തി കരുതിക്കൂട്ടിസൃഷ്ടിച്ച ഭിന്നത ലക്ഷ്യബോധത്തോടുകൂടിയ അനുരജ്ഞനത്തിനുള്ളതടസ്സമാണ്. അനുരജ്ഞനയുടെ ചർച്ച നടത്തണമെങ്കിൽ അതു മലങ്കരസഭയുടെ തലവനായ കാതോലിക്കാബാവായും സിറിയൻ ഓർത്തഡോക്സു സഭയുടെ തലവനായ പാത്രിയർക്കീസും തമ്മിൽ ആയിരിക്കണം. സമാധാനം ഉണ്ടാക്കാൻ പാത്രിയർക്കീസ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, മലങ്കരസഭ അദ്ദേഹത്തെ അംഗീകരിക്കുന്നില്ലെങ്കിൽ തന്നെ ചില വിട്ടുവീഴ്ചകൾക്കുതയ്യാറായേയ്ക്കും. രണ്ടു സ്വതന്ത്രസഭകളുടെ തലവന്മാരെ കൂടാതെയുള്ള യാതൊരു ചർച്ചകൾക്കും മേലിൽ സ്ഥാനമില്ല. ചില ലക്ഷ്യങ്ങൾ വച്ചുകൊണ്ട് സർക്കാർ നിയോഗിക്കുന്ന കമ്മിറ്റി മുമ്പാകെ മലങ്കര സഭ പ്രതിനിധികളെ അയച്ച്, പ്രവർത്തിക്കാനുള്ള സമയം പാഴാക്കരുത്. വിഘടിതർക്ക് രാഷ്ട്രീയതലത്തിലുള്ള സ്വാധീനം മലങ്കര സഭ മനസ്സിലാക്കി വ്യാധന്റെവലയിലേക്ക് ഓടുന്ന മാനിനെപ്പോലെ ആയിത്തീരരുത്.

അണികളെ പിടിച്ചു നിറുത്താനും വഴിവിട്ടസ്ഥാനം നേടിയ വിഘടിതവിഭാഗത്തിൽ നേതാക്കൾ തമ്മിലുള്ള ഭിന്നതകളെ മറയ്ക്കാനും വേണ്ടിയാണ് മലങ്കരസഭയുടെ വകതൃക്കുന്നത്തു സെമിനാനിയിൽ ഇടയ്ക്കിടയ്ക്കു പൊടിയും പുകയും ഉയർന്നത്. വർഷങ്ങൾക്കുമുമ്പ് ആലുവാ സെമിനാരിക്കു തീവ്രയ്ക്കാനും സെമിനാരിയുടെയും തെയോഫിലോസ് മെത്രാപ്പോലീത്തായേയും വധിക്കാനും വിഘടിതർ നടത്തിയ ശ്രമങ്ങൾ ബിഷപ്പിന്റെ കാർ അഗ്നിക്കിരയാക്കിക്കൊണ്ട് അവസാനിപ്പിക്കുകയായിരുന്നു. ഇതെല്ലാം എന്നെപ്പോലെ നേരിട്ടു കണ്ട അനേകശതം ആളുകൾ ഇന്നും ജീവിച്ചിരിപ്പുണ്ട്. ചിലർക്കു പണ്ടുണ്ടായിരുന്ന ശൗര്യം ഇന്നു കല്ലച്ചു പിടിക്കുന്നില്ല. എന്നുമാത്രം.

മലങ്കര വറുഗീസിനെ വധിച്ചാൽ വിഘടിത വിഭാഗത്തിനു വടക്കു വളരാൻ സാധിക്കുമെന്നു പ്രാർത്ഥനാപൂർവ്വം തീരുമാനമെടുത്ത ഉന്നതരായ ചില വൈദികസ്ഥാനികൾ വാടകഗുണ്ടകൾക്കു 70000 രൂപയോളം പാരിതോഷികം നൽകിയെന്ന കാര്യം പ്രതികൾ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഈ പണം ആരുനൽകി. വറുഗീസ് വധം സംബന്ധിച്ച കേസും സി.ബി.ഐ. അന്വേഷണ ആവശ്യവും മുന്നോട്ടുനീങ്ങാത്തത് വിഘടിതർക്കുള്ള രാഷ്ട്രീയ സ്വാധീനംകൊണ്ടാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. 1912 ലെ ആനപാപ്പി കൊലക്കേസും തേച്ചുമാച്ചുകളയാൻ അന്നു ശക്തരായ പ്രതികൾ നടത്തിയ നീക്കങ്ങൾ മലയാളമനോരമയുടെ അതിശക്തമായ മുഖപ്രസംഗത്തിന്റെ ഭാരം കൊണ്ടു തകരുകയായിരുന്നു. രണ്ടു വർഷം മുമ്പ് ആലുവായിലെ നടുറോഡിൽ കുത്തിയിരുന്ന വിഘടിത വിഭാഗത്തെ ചില വൈദീകരെ പോലീസ് ലാത്തികൊണ്ടു തലോടിയപ്പോൾ സി.ബി.ഐ. അന്വേഷം വേണമെന്ന ചില വിഘടിത വിഭാഗനേതാക്കൾ ആവശ്യപ്പെട്ടു. സി.ബി.ഐ. അന്വേഷണം നടത്തുമ്പോൾ മലങ്കര വറുഗീസ് വധവും അന്വേഷിക്കേണ്ടിവരുമെന്ന് ചില ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ പറഞ്ഞ



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

# സെന്റ് ജോൺ ക്രിസോസ്റ്റത്തിന്റെ പതനം

ഫാ. ഡോ. എ. ഒ. ജോൺ

ആദിമ സഭാപിതാക്കന്മാരിൽ അഗ്രഗണ്യനാണ് സ്വർണ്ണനാവുകാരനായ മരാ◌ ഈവാനിയോസ് (സെന്റെ ജോൺ ക്രിസോസ്റ്റം). AD. 398 ഫെബ്രുവരി 26-ാം തിയ്യതി അദ്ദേഹം കസ്തന്തിനോപോലീസിലെ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. സ്ഥാനം ഏറ്റതിന്റെ ആറാം വർഷം അദ്ദേഹം ദയനീയമായി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. വേദവിപരീതമൊന്നും ആയിരുന്നില്ല. അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റം. അലക്സാന്ത്ര്യയിലെ പാത്രിയർക്കീസായിരുന്ന തെയോഫിലോസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ആത്മീയ ഉപജാപകവൃന്ദവും കുസ്തന്തിനോപോലീസിലെ രാജ്ഞി യുഡോഷ്യയുടെ നേതൃത്വത്തിലുണ്ടായിരുന്ന രാഷ്ട്രീയ ഉപജാപക സംഘവും അദ്ദേഹത്തെ നിരന്തരം കസ്നന്തീനോപോലീസിലെ പാത്രിയർക്കാസ്ഥാനത്തിന്റെ അനുദിനം വർദ്ധിച്ചുകൊണ്ടിരുന്ന ഉയർച്ചയെ തകർക്കുകയായിരുന്നു അലക്സന്ത്ര്യയുടെ ലക്ഷ്യം. ആഡംബര പ്രിയയായിരുന്ന ചക്രവർത്തിനിയുടെ ലക്ഷ്യം അവരുടെ വിമർശകരെ ഒതുക്കുകയായിരുന്നു. ജോൺ ക്രിസോസ്റ്റം ഇതിന്റെയെല്ലാം ബലിയാടായി ചരിത്രത്തിൽ നില്ക്കുന്നു. ആദിമസഭാചരിത്രകാരന്മാരായ സോക്രട്ടീസും, സോസോമെനും, ക്രിസോസ്റ്റത്തിന്റെ കഥ വിവരിക്കുന്നുണ്ട്. അതിൽനിന്ന് ചില ഭാഗങ്ങൾ ഇവിടെ കുറിയ്ക്കുന്നു.

ക്രിസോസ്റ്റത്തിന്റെ ഭരണത്തിന്റെ ആരംഭം സമാധാനപരമായിരുന്നു. അന്ത്യോക്യൻ സഭയിലെ പ്രഗല്ഭനായ വാഗ്മിയും, വേദശാസ്ത്രജ്ഞനുമായിരുന്ന അദ്ദേഹത്തെ അക്കാർഡിയുസ് ചക്രവർത്തി കസ്നന്തിനോപോലീസിലെ പാത്രയർക്കീസാകുവാൻ ക്ഷണിക്കുകയായിരുന്നു. പാത്രയർക്കീസ് ആയ ശേഷം അറിയോസിന്റെ അനുയായികളെ തുരത്തുന്നതിലും സത്യവിശ്വാസത്തിൽ സഭാംഗങ്ങളെ ഉറപ്പിക്കുന്നതിലും ക്രസോസ്റ്റം ശ്രദ്ധ പതിപ്പിച്ചു. ഭദ്രാസനങ്ങളിലുണ്ടായിരുന്ന ഭരണപരമായ അസ്വസ്ഥകൾ അധികം താമസിയാതെ അദ്ദേഹം പരഹരിച്ചു. ഭരണതലത്തിലെ എല്ലാവിശദാംശങ്ങളിലും ഇടപെട്ട അദ്ദേഹം പലരുടേയും ശത്രുത ഏറ്റുവാങ്ങി. അദ്ദേഹം തലസ്ഥാനത്തില്ലാതിരുന്ന അവസരങ്ങളിൽ ഭരണച്ചുമതല ഉണ്ടായിരുന്ന ആർച്ചുഡീക്കൻ സെറാഫിയോൻ അധികാര ദുർവിനിയോഗത്തിലൂടെ വളരെയധികം വൈദീകരുടെ ശത്രുത സമ്പാദിച്ചു. ക്രിസോസ്റ്റത്തിന്റെ അഭാവത്തിൽ ഗാബാലായിലെ ബിഷപ്പായിരുന്ന സേവേറിയാനസ് ആയിരുന്നു കത്തീഡ്രലിലെ മുഖ്യപ്രസംഗകൻ. അദ്ദേഹം കടന്നു പോകുമ്പോൾ ആർച്ചുഡീക്കൻ എഴുന്നേറ്റു നിന്ന് ബഹുമാനിക്കുന്നില്ല എന്ന് ആരോപിച്ച് ആർച്ചുഡീക്കനെ മുടക്കണം എന്ന സേവേറിയാനസ് അഭ്യർത്ഥിച്ചു. ക്രസോസ്റ്റം അതിനു തയ്യാറായില്ല മാത്രമല്ല സേവേറിയാനസ് തലസ്ഥാനം വിട്ടു പോകുവാനും ആവശ്യപ്പെട്ടു. അത് അവർ തമ്മിലുള്ള ശത്രുതയ്ക്കു കാരണമായി. ആർച്ചുഡീക്കനം ഇഷ്ടമില്ലാതിരുന്ന ഭൂരിപക്ഷം വൈദികരും ക്രസോസ്റ്റം ആർച്ചു ബിഷപ്പിനെ ആവശ്യത്തിലധികം സംരക്ഷിക്കുന്നുവെന്നാരോപിച്ചു.

ക്രസോസ്റ്റത്തിന്റെ പ്രസംഗങ്ങൾ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ആഹ്വാനങ്ങളായിരുന്നു, അദ്ദേഹം ആരേയും പേരുപറഞ്ഞു വിമർശിച്ചില്ല. എങ്കിലും അദ്ദേഹത്തിന്റെ വിമർശനങ്ങൾ ഉപരി സമൂഹത്തിൽപെട്ട പലരിലും ചെന്നുതറച്ചു. യൂഡോഷ്യയും അതിനതീതയല്ലായിരുന്നു.

ഇതിനിടെ അലക്സാന്ത്ര്യയിൽ ഒരു ചെറിയ തർക്കം രൂപംപ്രാപിച്ചുവരികയായിരുന്നു. അവിടുത്തെ ഭൂരിപക്ഷം സന്യാസിമാരും ദൈവത്തിന് മനുഷ്യരൂപം (Human form) ഉണ്ട് എന്നു പറഞ്ഞു. എന്നാൽ വേദശാസ്ത്രജ്ഞന്മാരും ബുദ്ധിമാന്മാരുമായ ഒരു ന്യൂനപക്ഷം ഇതിനെ എതിർത്തു. ഭൂരിപക്ഷത്തിന്റെ കൂടെ ചേരുന്നതാണു ബുദ്ധി എന്നു മനസ്സിലാക്കിയ പാത്രിയർക്കീസ് തെയോഫിലോസ് അവരോട് ചേർന്നു മറ്റുള്ളവരെ ഉപദ്രവിക്കാൻ തുടങ്ങി. ഉപദ്രവിക്കപ്പെട്ടവർ കുസ്തന്തീനോപോലീസിലേക്കു വന്നു. അവർ ക്രിസോസ്റ്റത്തിനേയും

---

പ്പോഴാണ് സി.ബി.ഐ. അന്വേഷണാവശ്യം കോൾഡുസ്റ്റോറേജിൽ വച്ചത്. 1995 ലെ സുപ്രീം കോടതി വിധിക്കു ശേഷം അനുരഞ്ജനം എന്ന മരീചികയുടെ പേരിൽ മലങ്കര സഭാ 12 വർഷം പാഴാക്കി. പ്രസ്തുത ന്യായാധിപനായ മളീമഠിനെ കബളിപ്പിച്ചു. എങ്കിലും അദ്ദേഹത്തിന്റെ യാത്രാച്ചെലവും മറ്റും വിഘടിത വിഭാഗത്തിനു പരമോന്നത കോടതിയിൽ കെട്ടിവയ്ക്കേണ്ടി വന്നു. സഭാ സമാധാന ചർച്ചകളുടെപേരിൽ പ. മാത്യൂസ് ദിതീയൻ ബാവായെ ചിലർ കുരങ്ങുകളിപ്പിയ്ക്കുകയായിരുന്നു. മേലിൽ ഇതു സാധ്യമല്ല. തൻ നിമിത്തം സഭാതർക്കമെന്നു പറഞ്ഞുകൊണ്ടുള്ള ചർച്ചകൾക്കും മറ്റും പ്രബുദ്ധമായ മലങ്കര സഭ ഒരിക്കലും വഴങ്ങരുത്. ഉറച്ചു നിൽക്കണം. ചാഞ്ചാട്ടം ഒട്ടും അരുത്.

കേസിന്റെയും തർക്കവിതർക്കങ്ങളുടെയും പേരിൽ തടസ്സപ്പെട്ടു കിടക്കുന്ന ആത്മീയ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ വർദ്ധിത വീര്യത്തോടെ നടപ്പാക്കുകയാണാവശ്യം. ഇതിനുതർക്കം തടസ്സമല്ല. തർക്കമുള്ളപ്പോഴും വളരാം. സുപ്രീം കോടതി ജഡ്ജിമാരേക്കാൾ മിടുക്കന്മാരായ കേളത്തിലെ മധ്യസ്ഥന്മാർ ആരെല്ലാമാണെന്നും നേരത്തെ ചൂണ്ടികാണിക്കുന്നതും കൊള്ളാം. യെറുശലേമിന്റെ മതിൽ ഒരു കൈയ്യിൽ വാളും മറുകൈയ്യിൽ കുലശേരും പിടിച്ച് കെട്ടിയുയർത്തിയ നെഹമ്യാ പ്രവാചകനെപ്പോലെ മലങ്കരസഭാംഗങ്ങൾ ലക്ഷ്യബോധത്തോടെ ശത്രുവിന്റെ നിഴലിലും പ്രവർത്തിക്കുകയാണാവശ്യം. ഇടവകപത്രികയുടെ സമയോചിതമായ ആഹ്വാനത്തിന് ആയിരമായിരം അഭിവാദ്യങ്ങൾ.

കാര്യങ്ങൾ തുറന്നെഴുതുക.



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

രജ്ഞിയേയും മറ്റ് അധികാരികളേയും സ്വാധീനിച്ച് തെയോഫിലോസിനെതിരായി കരുക്കൾ നീക്കി. പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ തെയോഫിലോസിന്റെ പേർക്ക് രണ്ടു തവണ ക്രിസോസ്റ്റം എഴുതി. ക്രിസോസ്റ്റത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു സുന്നഹദോസ് കൂടി തെയോഫിലെസിനെ വിസ്തരിക്കാൻ രാജകല്പനയായി. അതിൽ നിന്നു രക്ഷപ്പെടുവാനും, ക്രിസോസ്റ്റത്തിനെത്തന്നെ വെട്ടിൽ വീഴ്ത്താനും ഉള്ള പ്രവർത്തനങ്ങൾ തെയോഫിലോസ് ആരംഭിച്ചു. ഒറിഗിന്റെ വേദ വിപരീതത്തെയാണ് ക്രിസോസ്റ്റം പിന്താങ്ങുന്നതെന്ന് ആരോപിച്ചു തെയോഫിലോസ് ഒറിഗന്റെ ബദ്ധശത്രുവായിരുന്ന സലാമീസിലെ എപ്പിപ്പാനിയോസിനെ സ്വാധീനിച്ച് ക്രിസോസ്റ്റത്തിനെതിരായി പ്രവർത്തിക്കാൻ കസ്തന്തീനോപോലീസിലേക്കയച്ചു. തലസ്ഥാനത്തുണ്ടായിരുന്ന ക്രസോസ്റ്റത്തിന്റെ എതിരാളികളേയും തെയോഫിലോസ് സ്വാധീനിച്ചു. രാജ്ഞിയെ ക്രിസോസ്റ്റം വിമർശിക്കുന്നുവെന്ന് അവർ രാജ്ഞിയുടെ അടുത്തു പറഞ്ഞ്, അവരേയും ക്രിസോസ്റ്റത്തിനെതിരാക്കി. അവസാനം ക്രിസോസ്റ്റത്തിനെതിരായ ആരോപണങ്ങൾ പരിശോധിക്കുവാൻ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടാൻ തെയ്ഫിലോസിനോടാവശ്യപ്പെടണമെന്ന് രാജ്ഞി രാജാവിനോടഭ്യർത്ഥിച്ചു. ക്രിസോസ്റ്റത്തിനെ വീഴിക്കാൻ വേണ്ട സാഹചര്യങ്ങളെല്ലാം ഒരുക്കി 403-ൽ തെയോഫിലോസ് തലസ്ഥാനത്തെത്തി. അലക്സാന്ത്ര്യയിൽ നിന്ന് കൂടുതലും കരമാർഗ്ഗം തന്നെ സഞ്ചരിച്ച് പിന്തുണ ആർജ്ജിച്ച് ഒരു ജൈത്രയാത്രയായാണ് തെയോഫിലോസ് കസ്തന്തിനോപോലീസിൽ എത്തിച്ചേർന്നത്. ക്രിസോസ്റ്റത്തിനെതിരായി എല്ലാവരേയും സംഘടിപ്പിക്കുവാനുള്ള രാഷ്ട്രീയ ചാതുര്യം തെയോഫിലോസ് പ്രദർശിപപിച്ചു. എല്ലാവരും (all) തനിയ്ക്കെതിരായി സംഘടിച്ചുചവെന്നാണ് ക്രിസോസ്റ്റം തന്നെ പറയുന്നത്. തലസ്ഥാനത്തെത്തിയ തെയോഫിലോസ് രാജ്ഞിയുടെ അതിഥിയായിരുന്നു. രാജ്ഞിയുടെ വിശ്വസ്ത സുഹൃത്തും ധനാഢ്യയുമായിരുന്ന യുഗ്രാഫിയയുടെ ഭവനത്തിൽ തെയോഫിലോസിന്റെ നേതൃത്വത്തിൽ എല്ലാവരും സംഘടിച്ച് ക്രിസോസ്റ്റത്തിനെതിരായ പരിപാടികൾ ആസൂത്രണം ചെയ്തു. ക്രിസോസ്റ്റം പുറത്താക്കിയ രണ്ടു ശെമ്മാശ്ശന്മാരും, ഒരു സന്യാസി ശ്രേഷ്ഠനും ക്രിസോസ്റ്റത്തിനെതിരായ ആരോപണങ്ങളും തെളിവുകളും തയ്യാറാക്കി. ക്രിസോസ്റ്റത്തിന്റെ ആർച്ചുഡീക്കനും ഇവരോടു ചേർന്നു. പ്രബലന്മാരുടെ സംഘം മുഴുവനും ക്രസോസ്റ്റത്തിനെതിരായിരുന്നു. അധികം താമസിയാതെ തെയോഫിലോസിന്റെ അദ്ധ്യക്ഷതയിൽ കൽക്കദ്യ്യനായുടെ പ്രാന്തപ്രദേശത്ത് വച്ച് സുന്നഹദോസുകൂടി (synod of Oak) ക്രിസോസ്റ്റത്തിനെതിരായി 29 ആരോപണങ്ങൾ ഉന്നയിച്ചു. ഒരു പ്രഹസനമായിരുന്ന സുന്നഹദോസിൽ സംബന്ധിക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ കുറ്റപത്രം വായിച്ച് അദ്ദേഹത്തെ സഭയിൽനിന്ന് പുറത്താക്കി.

എന്നാൽ ക്രസോസ്റ്റത്തിനെ പുറത്താക്കിയത് അംഗീകരിക്കുവാൻ ജനങ്ങൾ തയ്യാറായില്ല. സുന്നഹദോസിന്റെ നടപടിയ്ക്കെതിരായി വവിയ ശക്തി പ്രകടനങ്ങൾ നടന്നു. മൂന്നു ദിവസത്തോളം ക്രസോസ്റ്റത്തിനെ പട്ടണത്തിനു പുറത്തുകൊണ്ടുപോകുവാൻ സാധിച്ചില്ല. മൂന്നാംദിവസം വലിയ ഒരു സൈന്യത്തിന്റെ സഹായത്തോടെ ക്രിസോസ്റ്റത്തിനെ നാടുകടത്തി. ആ ദിവസം വലിയ പ്രകൃതി ക്ഷോഭവും മഹാമാരിയും, ഭൂമികുലുക്കവും മറ്റനേക ദുർന്നിമിത്തങ്ങളും ഉണ്ടായി. അന്നു രാത്രി രാജ്ഞിയുടെ ഗർഭം അലസി. രാജാവും രാജ്ഞിയും ജനങ്ങളും ആകെ പരിഭ്രാന്തചിത്തരായി. ക്രിസോസ്റ്റത്തിനെ ഉടനെ തിരികെ വിളിച്ചുകൊണ്ടുവരുവാൻ വളരെ ഉത്തരവാദിദ്വപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാരെ രാജാവു നിയമിച്ചു. ഒരു ജയാളിയെപ്പോലെ ക്രിസോസ്റ്റം തിരികെവന്നു. എന്നാൽ പട്ടണത്തിൽ പ്രവേശിക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. ഒരു സുന്നഹദോസ് തീരുമാനംകൊണ്ട പുറത്തായ ബിഷപ്പിനെ തിരികെ സ്വീകരിക്കുവാൻ വേറൊരു സുന്നഹദോസ് തന്നെ കൂടണമെന്ന് ക്രിസോസ്റ്റം നിർബന്ധിച്ചു. ഇതിനിടെ ക്രിസോസ്റ്റംത്തിന്റെ അനുയായികളും എതിരാളികളും തമ്മിൽ രകതരൂക്ഷിതമായ സംഘട്ടനങ്ങൾ പട്ടണത്തിന്റെ പലഭാഗത്തും നടന്നു. അതുതടയുവാൻ ചക്രവർത്തി തന്നെ നേരിട്ടിറങ്ങി വന്ന് തിരിയെ കത്തീഡ്രലിൽ പ്രവേശിക്കുവാൻ ക്രിസോസ്റ്റത്തിനോടഭ്യർത്ഥിച്ചു. 60 ബിഷപ്പുന്മാരുടെ വേറൊരു സുന്നഹദോസുകൂടി പഴയ സുന്നഹദോസിന്റെ തീരുമാനം അസാധുവാക്കിയതായും, അതല്ല ഒരു സുന്നഹദോസു കൂടാമെന്ന് ചക്രവർത്തി വാക്കുകൊടുത്തതായും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഏതായാലും ഒരു വിജയിയായി ക്രിസോസ്റ്റം കത്തീഡ്രലിൽ പ്രവേശിച്ചു. തെയോഫിലോസിന്റെ അനുയായികളും ക്രിസോസ്റ്റത്തിന്റെ അനുയായികളും തമ്മിലുള്ള തെരുവുയുദ്ധങ്ങൾ തുടർന്നുകൊണ്ടിരുന്നു. ന്യായമായും നാട്ടുകാരായ ക്രിസോസ്റ്റത്തിന്റെ അനുയായികൾക്കതിൽ വിജയവും ഉണ്ടായി. സമാധാനം സ്ഥാപിക്കുവാൻ എല്ലാവരുടെയും ന്യായമായു പ്രാതിനിദ്ധ്യത്തിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടികൊണ്ടുള്ള ഉത്തരവ് രാജാവ് പുറപ്പെടുവിച്ചു. 404 ലെ ക്രിസ്തുമസ്സിന് ആ സുന്നഹദോസിൽ പങ്കുകൊള്ളുവാനായി മിക്കവാറും ബിഷപ്പന്മാർ തലസ്ഥാനത്തെത്തിച്ചേർന്നു.

ഇതിനിടെ വളരെ അവിചാരിതമായ ഒരു സംഭവമുണ്ടായി. പട്ടണത്തിന്റെ ഗവർണർ (perfect) രാജ്ഞിയുടെ വെള്ളിയിൽ തീർത്ത ഒരു പ്രതിമ വളരെ ആഘോഷത്തോടെ കത്തീഡ്രൽ ദേവാലയത്തിന്റെ മുമ്പിൽ പ്രതിഷ്ഠിച്ചു. നൃത്തവാദ്യമേളങ്ങളോടെ അനേകായിരം ജനങ്ങളുടെ സാന്നിദ്ധ്യത്തിലാണ് പ്രതിഷ്ഠ നടന്നത്. ഇത് ദേവാലയത്തിലെ ശുശ്രൂഷകളെ ബാധിച്ചു. ക്ഷുഭിതനായ ക്രിസോസ്റ്റം ആഘോഷങ്ങളെയും വ്യക്തിപൂജയെയും വിമർശിച്ചു. ഇതുകേട്ട രാജ്ഞി വേറൊരു കൗൺസിൽകൂടി ക്രിസോസ്റ്റത്തിനെ പുറത്താക്കുമെന്നു ഭീഷണിപ്പെടുത്തി. അതു കേട്ട ക്രിസോസ്റ്റം അതിനെക്കാൾ ശക്തി യേറിയ ഭാഷ



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

മുൻലക്കം തുടർച്ച........

# മാവേലിക്കര പടിയോല (1836 മകരം 5)

**രൂപാ 8000**

ഈ സംഖ്യ ആധാരത്തിലെ താല്പര്യം നോക്കിയേടത്തോളം തിരുവല്ല പള്ളി ഇടവകയിൽ സുറിയാനി യോഗക്കാർ തങ്ങളുടെ ജാതി മര്യാദ പ്രകാരം വേദപുസ്തകം പഠനം നടത്തുന്നതിലേക്കായി സഹായത്തിന് അപേക്ഷിക്കയാൽ 1816-ൽ തിരുവിതാംകൂർ സർക്കാരിൽ നിന്നും ദാനമായി കൊടുത്ത മുതലാകുന്നു. ആയതു അന്നത്തെ സുറിയാനിക്കാരുടെ വേദത്തലവാൻ മെത്രാപ്പോലീത്താ പക്കൽ കൊടുക്കപ്പെട്ടിട്ടുള്ളതാകുന്നു. എന്നാൽ ഈ ദാനത്തിന്റെ ആന്തരമായ സാധ്യം ഇന്നതായിരുന്നുവെന്ന് കർണ്ണൽ മൺറോ സായിപ്പ് അവർകൾ 1816 ജനുവരി മാസം 5-ാം തീയതി സ്വഹസ്താക്ഷരമായി മാർ മദ്ധ്യക്കു, തോംസൺ എന്ന പാതിരി സായ്പ്പിന് എഴുതിയിട്ടുള്ള അസ്സൽ എഴുത്തിൽ തിരുവിതാകൂർകോട് ഒരു സിമ്മനാരി ഉണ്ടാക്കാനുള്ളതിന്റെ ആന്തരം സുറിയാനി ഭാഷയിൽ ശീലമില്ലാത്തവരാകയാൽ അവരെ സുറിയാനി ഭാഷ നല്ല പോലെ വശമാക്കുന്നതിനായിരുന്നു എന്ന് കാണുന്നതിനാൽ ബോധപ്പെടുന്നതാകുന്നു. സുറിനായി ഭാഷഗ്രഹിതമായാൽ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള വേദപുസ്തകങ്ങളും വേദകാര്യത്തെപ്പറ്റി എഴുതിയിട്ടുള്ള മറ്റ് അനേക പുസ്തകങ്ങളും വായിച്ച് ഗ്രഹിപ്പാൻ സംഗതിയുള്ളതാകുന്നു.

വീണ്ടും, സുറിയാനി ഭാഷയിൽ വേദപുസ്തകങ്ങളെ അച്ചടിപ്പിച്ച് പകർപ്പുകൾ വരുത്തണമെന്നുള്ള ആന്തരം കൂടെയുണ്ടായിരുന്നു. എന്തെന്നാൽ അവരുടെ പഠിത്തത്തിന്റെ ഇടയിൽ വേദപുസ്തകം എത്രയും അധികമായി പൊരുൾ തിരിക്കണമെന്നു കൂടെ പട്ടം കെട്ടയിരുന്നു. പല പള്ളികളും എന്നു വേണ്ട പള്ളികൾ അധികപങ്കും (മൺറോ സായിപ്പവർകൾ പറയുന്നു) സുറിയാനിയിലാകട്ടെ, മലയാളത്തിലാകട്ടെ ഉള്ള വേദപുസ്തകം ഇല്ലാതെ ഇരിക്കുന്നു. സിമ്മനാരി പണിയിച്ചതിന്റെ മാതിരി നോക്കിയാലും പട്ടക്കാർക്കും അയ്മേനികൾക്കും എടങ്ങേട് കൂടാതെ മലയാളം പഠിപ്പിക്കാൻ തക്കതായും മലയാള ഭാഷയിലേക്കു വേദപുസ്തകങ്ങളും വേദകാര്യം അടങ്ങിയിട്ടുള്ള പുസ്തകങ്ങളും പൊരുൾ തിരിച്ച് എഴുതി പൊതുവിലെ ഉപകാരത്തിന് വേണ്ടി പ്രസിദ്ധം ചെയ്യുന്നതിന് ഉപകരിക്കുന്നതായും ഉള്ള മുറികളോടു കൂടി പണിയിക്കപ്പെട്ടിരിക്കുന്നതാകുന്നു.

ഇതു കൂടാതെ 1816-ലെ ചർച്ച് മിഷനറി റജിസ്റ്ററിൽ കർണ്ണൻ മൺറെ സായിപ്പിന്റെ എഴുത്തുകളിൽ നിന്ന്

---

യിൽ പ്രതികരിച്ചു. അടുത്ത ദിവസം കത്തീഡ്രലിൽ തടിച്ചുകൂടിയ വമ്പിച്ച ജനാവലിയുടെ മുമ്പിൽ അദ്ദേഹത്തിന്റെ അതിപ്രശസ്തമായ പ്രസംഗം ആരംഭിച്ചു. ഹേരോദ്യ വീണ്ടും ഉന്മാദത്താൽ പുലമ്പുന്നു. അവൾ വീണ്ടും ക്ഷുബ്ധയായിരിക്കുന്നു. അവൾ വീണ്ടും മാദക നൃത്തം ആടുന്നു. വീണ്ടും അവൾ യോഹന്നാന്റെ ശിരസ്സ് താലത്തിൽ കിട്ടുവാൻ കൊതിക്കുന്നു. (Herodias raves, Again she is turbulents, she dances again, and again desires to receive John's head on a platter. 'Socrates H.E. 6,18, Sozoman H.E. 8.20) രംഗം ആകെ വഷളായി. ക്രിസോസ്റ്റത്തിൻരെ എതിരാളികളായ പുരോഹിതന്മാരും, സന്യാസിശ്രേഷ്ഠന്മാരും അദ്ദേഹത്തെ ഉടൻ പുറത്താക്കണമെന്നാവശ്യപ്പെട്ടു അതിനുവേണ്ടി സുന്നഹദോസോ വിസ്താരമോ ആവശ്യമില്ല എന്നവർ പറഞ്ഞു. തെയോഫിലോസ് അവരെ പ്രോത്സാഹിപ്പിച്ചു. രാജാവ് ക്രിസോസ്റ്റത്തിനെ വീട്ടുതടങ്കലിലാക്കി. ജനങ്ങളുടെ വമ്പിച്ച പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ പേർ തന്നെ വി. കുർബ്ബാനയിൽ ഓർത്തു. എതിരാളികൾ പട്ടാളത്തിന്റെ സഹായത്തോടെ ആ ശുശ്രൂഷകൾ അലങ്കോലപ്പെടുത്തി. ആളുകളെ മർദ്ദിച്ച് ഓടിച്ചു. അദ്ദേഹത്തന്റെ സ്ഥാനത്ത് വേറെ പാത്രിയർക്കീസിനെ വാഴിച്ചു. രാജാവ് വമ്പിച്ച സൈനികസന്നാഹങ്ങളോടെ ക്രിസോസ്റ്റത്തിനെ നാടു കടത്തി. അതു വലിയ ലഹളയ്ക്കു കാരണമായി. ക്രിസോസ്റ്റത്തിന്റെ അനുയായികൾ കത്തീഡ്രലും സെനറ്റ് ഹോളും തീ വച്ചു നശിപ്പിച്ചു. മൃഗീയമായ സൈനിക പീഡനത്തിൽ അനേകായിരങ്ങൾ നിർദ്ദയം കൊല്ലപ്പെട്ടു. ഈ പീഢനകൾക്കൊന്നും ക്രിസോസ്ററത്തിന്റെ അനുയായികളെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. ആ വർഷം രാജ്ഞിയും നിര്യാതയായി, എന്നിട്ടും ക്രിസോസ്റ്റത്തിനെ തിരികെ വിളിക്കുകകയൊ അനുയായികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കുകയോ ചെയ്തില്ല. ക്രിസോസ്റ്റത്തിനെ കുറെക്കൂടി ദുർഘടമായ സ്ഥലത്തേക്കു മാറ്റുവാൻ തീരുമാനിച്ചു. മൂന്നുമാസത്തോളം ദുർഘന വനങ്ങളിലൂടെ നഗ്നപാദനായി, പട്ടാളക്കാർ അദ്ദേഹത്തെ നടത്തി. വഴിയിൽ മർദിച്ചവശനാക്കി. ആ യാത്രയിൽ ഏ.ഡി. 407 ൽ അമ്പത്തിമൂന്നാമത്തെ വയസ്സിൽ സ്വർണ്ണനാവുകാരന്റെ ശബ്ദം എന്നന്നേക്കുമായി നിലച്ചു ലൗകികാധികാര ശക്തികേന്ദ്രങ്ങളെ അതിരു കവിഞ്ഞ് ആശ്രയിക്കാതിരുന്ന, ബഹുമാനിക്കാതിരുന്ന ഒരു വലിയ സഭാ നേതാവിന്റെ ദയനീയമായ അന്ത്യം! ഉപരി സമൂഹത്തിന്റെ അഹങ്കാരത്തേയും, ധൂർത്തിനേയും, ആഢംബരത്തേയും, ദുർന്നടപ്പിനേയും വിമർശിച്ച ശക്തനായ വാഗ്മിയുടെ പതനം!! സ്വാർത്ഥലാഭത്തിനുവേണ്ടിയും, അസൂയ കൊണ്ടു നിറഞ്ഞും ഏഷണി പറഞ്ഞു നടക്കുന്നവരും അധികാരികളുടെ കാലു തിരുമ്മുന്നവരുമായ പുരോഹിതന്മാരുടേയും, മഹാ പുരോഹിതന്മാരുടേയും സന്യാസി ശ്രേഷ്ഠന്മാരുടേയും വിജയം!!!



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

ചുരുക്കമായി എടുത്തു ചേർത്തിട്ടുള്ളതിൽ ഇംഗ്ലീഷ് മിഷനറിമാർ കോട്ടയത്തു എത്തുന്നതിന് മുമ്പിൽത്തന്നെ ആ കാലത്തിലെ സുറിയാനി മെത്രാപ്പോലീത്തായുടെ താല്പര്യത്താൽ മലയാള ഭാഷയിലേക്കു വേദപുസ്തകം പൊരുൾ തിരിക്കാൻ തുടങ്ങിയ പ്രകാരം കാണുന്നുണ്ട്. ഇങ്ങനെ ഇരിക്കുന്നതാകകൊണ്ട് ഈ ദാനം ചെയ്ത ആളുടെ താല്പര്യവും വേദപുസ്തക ഗ്രഹിതം അവരുടെ സ്വന്ത മെത്രാന്റെയും പട്ടക്കാരുടേയും ഏർപ്പാട് തന്നെ കൊണ്ടു നടത്തിപ്പാൻ തക്കവണ്ണവും ഇതിന്റെ നീട്ട് കൊടുത്തിരിക്കുന്നതു മിഷനറികളെ കൂടാതെയും അവർ കോട്ടയത്തു എത്തുന്നതിന് മുമ്പും ആയിരിക്കയാലും ഈ രൂപ 8000വും ഇപ്പോഴത്തെ മെത്രാന് ഏല്പിച്ചുകൊടുപ്പാനും ആയത് ഈ മെത്രാനും ഈ സ്ഥാനത്തിൽ വരുന്ന മെത്രാനും സുറിയാനിയോഗം നിശ്ചയിക്കുന്ന ഒരു പട്ടക്കാരനും ഒരു അയ്മേനിയും കൂടെ ആ വക ദാനം എന്ത് സാധ്യത്തിനായിട്ട് കൊടുക്കപ്പെട്ടുവോ അവകളെ നടത്തിക്കണം. അതായതു ബൈബിൾ എന്ന വേദപുസ്തകവും മറ്റ് വേദകാര്യത്തെ കുറിച്ചുള്ള പുസ്തകങ്ങളും സുറിയാനിക്കാരുടെ ഇടയിൽ നാട്ടു ഭാഷയിലോട്ട് ഭാഷപ്പെടുത്തി വരുത്തി അതിനാൽ ശുദ്ധമുള്ള സുവിശേഷങ്ങളെ പഠിപ്പിക്കണമെന്നാണ്. വിശേഷിച്ചും ഈ രൂപാ 8000 വും ഏതു പ്രകാരത്തിൽ മുടക്കിയെന്നോ ചെലവാക്കിയെന്നോ വിവരപ്പെടുത്തുന്നതായ ഒരു കണക്കു ആണ്ടു തോറും മേൽ എഴുതിയ ചുമതലക്കാർ സർക്കാരിലേക്കു കൊടുക്കേണ്ടതും ആകുന്നു.

**രൂപ 20000**

ഈ സംഖ്യ 1818-ൽ തിരുവിതാംകൂർ സർക്കാരിൽ നിന്ന് കോട്ടയത്ത് സെമിനാരിക്കു ഉദകമായി കൊടുത്ത ദാനമാകുന്നു. ആ വക നിലത്തിന്മേൽ ഇടുവാനും ഇതിന്റെയും വേറെ സെമിനാരി വകയായിട്ടുള്ള സകല മുതലിന്റെയും മുതൽപിടിത്തവും നടത്തവും ഏറ്റ് നടത്തുന്നതിലേക്കു സെമിനാരിയോട് നേരെ സംബന്ധിക്കപ്പെട്ടതിൽ ചിലരെയും ഒരു കമ്മിറ്റിയായി കൂട്ടി കാര്യവിചാരം നടത്തിപ്പാനുമായി അന്ന് റസിഡണ്ടായിരുന്ന കർണ്ണൽ മൺറോ സായിപ്പവർകൾ പാതിരി ബെയ്ലി സായ്പിന് കല്പന അയച്ചിരുന്നു. അതു പ്രകാരം ഈ മുതൽ, നിലത്തിന്മേൽ ഇട്ട് അന്നത്തെ മെത്രാന്റെയും പാതിരി ബെയ്ലി സായിപ്പിന്റെയും പേരിൽ ആധാരം എഴുതി വാങ്ങി. എന്നാൽ സംഗതിവശാൽ ഇരു ഭാഗക്കാരും കൂടി യോജിച്ച് ഇനി നടക്കുന്നത് അസാധ്യമായി തീർന്നിരിക്കുന്നു. അതുകൊണ്ട് ഇനി ഇരു ഭാഗക്കാരിൽ ആർ ബാധ്യസ്ഥത ഏറ്റ് നടത്തേണ്ടത് എന്ന് നാം നിശ്ചയിപ്പാനുള്ളതും എന്നാൽ നാം അങ്ങനെ നിശ്ചയപ്പെടുത്തണമെങ്കിൽ ഈ ദാനത്തിന്റെ സാധ്യങ്ങളെ കൂടെ ആലോചിച്ച് നിശ്ചയിപ്പാനുള്ളതാകുന്നു. കർണൽ മൺറോ സായിപ്പവർകളുടെ പ്രത്യേക ശിപാർശികൊണ്ട് ഈ മുതൽ കൊടുത്തപ്പോൾ സായിപ്പ് അവർകൾ മുഖ്യമായി ആലോചിച്ചിരുന്ന സാധ്യം ഇതായിരുന്നു.

ഇംഗ്ലീഷ് മിഷണറിമാരുടെ ഉപദേശങ്ങൾ മൂലം സകല സുറിയാനിക്കാരുടെ ഇടയിലും രാജ്യ സംബന്ധമായും മതസംബന്ധമായും നവീകരണം ഉണ്ടാകണം എന്നത്രേ. ഇപ്പോഴത്തെ ഈ ദാനവും ഇതിന് ശേഷമായിട്ട് തിരുവിതാംകൂർ സർക്കാർ ഔദാര്യമായി കൊടുത്തിരിക്കുന്ന ദാനങ്ങളും അതു കൂടാതെ ഓരോരോ മഹാന്മാരും ആളുകളും കൊടുത്തിട്ടുള്ളവയും ഓരോ പ്രത്യേക സാധ്യത്ത്ൈ ഇനിയും അസാധ്യം ഒരു പ്രത്യേക മുറയിൽ നിവർത്തിക്കപ്പെടണമെന്നും അല്ലാതെ ഇംഗ്ലീഷ് മിഷണറിമാരാൽ നൽകപ്പെടാവുന്ന ഉപദേശമെന്നിങ്ങനെയുള്ള സാധടനിവൃത്തികളെ നിഷേധിച്ച സുറിയാനിക്കാർക്കു കൊടുക്കപ്പെട്ടതാകുന്നുവെന്ന് ഊഹിപ്പാൻ തക്ക ഛായപോലും കാണുന്നില്ല. ഞങ്ങളുടെ മുമ്പാകെ വക്കപ്പെട്ടിരിക്കുന്ന മൺറോ സായിപ്പവർകളുടെ കൈപ്പട എഴുത്തുകളാൽ ഈ അഭിപ്രായം സ്ഥിരപ്പെട്ടതായും കാണുന്നു. യോഗം കൂടിയതിൽ വച്ച് ഇംഗ്ലീഷ് മിഷണറിമാരായി ഇനി മേലിൽ യാതൊരു ഏർപ്പാടും ഉണ്ടാകുന്നതല്ല എന്ന് മെത്രാപ്പോലീത്താ ഖണ്ഡിതമായി നിശ്ചയിക്കുകയും അതിനാൽ അവരോട് യോജിച്ച് നടപ്പാൻ മനസ്സില്ലാത്തവിധം തുടങ്ങുകയുംകൊണ്ട് മെത്രാന്റെ പകരത്തിൽ ഒരാളെ നിയമിച്ച് ചേർക്കുന്നതല്ലാതെ പൊത്തുപൊരുത്തം കാണുന്നില്ല. അതുകൊണ്ടു മേലിൽ ഈ ഇരുപതിനായിരം രൂപായുടെ ജോലി നോക്കേണ്ടത് കോട്ടയത്തുള്ള ഇംഗ്ലീഷ് മിഷണറിമാരും അവർക്കു പകരമായി വരുന്നവരും ചർച്ച് മിഷൻ സൊസൈറ്റിയിലെ തല്ക്കാല സിക്രട്ടറിയും തല്ക്കാലം ഇരിക്കുന്ന റസിഡണ്ട് സായിപ്പും അല്ലെങ്കിൽ സായിപ്പിന്റെ പേർക്കു സായിപ്പ് നിശ്ചയിക്കുന്ന ആൾ പേരും കൂടെ സുറിയാനിക്കാരുടെ പ്രത്യേക ഗുണത്തിനായി ചുമതലപ്പെട്ട് നോക്കേണ്ടതാകുന്നു. തുടരും....

## പ്രത്യേക അറിയിപ്പ്

ഇടവക പത്രിക പ്രസിദ്ധീകരണം ആരംഭിച്ചിട്ട് നാലുവർഷം തികയുന്നു. മാസികയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ കൊടുക്കാൻ കഴിയാത്തതിനാൽ ഒരു വർഷമായി അതിന്റെ പ്രവർത്തനത്തിന് മറ്റ് ചുമതലക്കാരെ കണ്ടെത്തുകയായിരുന്നു. മാസികയുടെ ഉള്ളടക്കം ക്രമീകരിക്കുന്ന ചുമതല മാത്രമാണ് എനിയ്ക്കുണ്ടായിരുന്നത്. ആ ചുമതല ഒരു വിധം നിറവേറ്റുവാൻ എന്നെ സഹായിച്ച എല്ലാവരോടും നന്ദി അറിയിച്ചുകൊണ്ട് ചീഫ് എഡിറ്റർ സ്ഥാനം ഞാൻ ഒഴിയുന്നു. മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും ആശംസിയ്ക്കുന്നു.

- ഫാ. ഡോ. ജോസഫ് ചീരൻ
(ചീഫ് എഡിറ്റർ)
Mob. No.9495603174



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

## വാർത്തകൾ:

ഓർത്തഡോക്സ് ശുശ്രൂഷകസംഘം-ബാഹ്യകേരള സമ്മേളനം

നാഗ്പൂർ: മദ്ബഹ, ശുശ്രൂഷ സേവനത്തിനുള്ള ദൈവവിളിയാണെന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. ഈ സേവനം ദൈവത്തിന്റെയും, ദൈവജനത്തിന്റെയും മുമ്പാകെയാണ്. സെന്റ് തോമസ്സ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നടന്ന അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം-ബാഹ്യകേരള മേഖല (AMOSS-OKR) യുടെ കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മെത്രാപ്പോലീത്ത. ആമോസിന്റെ റീജണൽ ഓഫീസ് നാഗ്പൂർ സെമിനാരിയിൽ ശുശ്രൂഷക സംഘം പ്രസിഡണ്ട് കൂടിയായ തിരുമേനി ഉദ്ഘാടനം ചെയ്തു. ഫാ. അലക്സ് ഡാനിയേലിനെ റീജണൽ ഡയറക്ടർ ആയും നിയമിച്ചു. ശ്രീ. വി.സി. നൈനാനെ റീജണൽ കോ-ഓർഡിനേറ്ററായും, ഭദ്രാസനങ്ങളിലെ ഓർഗനൈസേഴ്സായി ശ്രീ. തോമസ് ജേക്കബ് (ബോംബെ), ശ്രീ. ആർ. ജോർജ്ജ് (കൽക്കട്ട), ശ്രീ ജോസഫ് ഡേവിഡ് (ഡെൽഹി) ശ്രീ. പി.സി. മത്തായി (മദ്രാസ്) എന്നിവരെയും യോഗം തെരഞ്ഞെടുത്തു.

സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം (സങ്കീ. 84:1) എന്നതായിരുന്നു ത്രിദിന സമ്മേളനത്തിന്റെ ചിന്താവിഷയം. പഠനക്ലാസ്സുകൾക്ക് ഡോ. ഗബ്രിയേൽ മാർ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഫാ. ഡോ. റെജി മാത്യു, ഫാ. നൈനാൻ കെ. ജോർജ്ജ്, ഫാ. അലക്സ് ഡാനിയേൽ എന്നിവർ നേതൃത്വം നല്കി. ചർച്ചകളിൽ ഫാ. ഷാജി പി. ജോൺ, ഫാ. ഫിലിപ്പോസ് വേണാട് എന്നിവർ മോഡറേറ്റേഴ്സായിരുന്നു. മദ്ബഹ ശുശ്രൂഷയ്ക്കായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. ശുശ്രൂഷകർക്ക് പരിശീലനം ലഭ്യമാക്കേണ്ടതാണെന്ന ആവശ്യമുയർന്നു. അഞ്ചു വർഷത്തെ ഒരു പാഠ്യപദ്ധതി സെമിനാരിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നതാണ്. ശുശ്രൂഷകരുടെ പ്രശ്നങ്ങളും ഉന്നയിക്കപ്പെട്ടു. ശബളം പറ്റുന്ന ശുശ്രുഷകർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന പരാതിയുയർന്നു. ഇവരുടെ പ്രായം, യോഗ്യത സേവന-വേതന വ്യവസ്ഥകൾ എന്നിവയ്ക്ക് ഏകീകരണം ഉണ്ടാവണ്ടതിനെപ്പറ്റിയും ചർച്ച ചെയ്തു.

**കോട്ടയം**: ഫാ. ഡോ. ജോസഫ് ചീരൻ എഴുതിയ കുട്ടികളുടെ മലങ്കര സഭ പ. ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ പഴയ സെമിനാരിയിൽവച്ച് പ്രിൻസിപ്പൽ ഫാ. ഡോ. കെ.എം. ജോജ്ജിന് ആദ്യ പ്രതി നൽകികൊണ്ട് പ്രകാശിപ്പിച്ചു.

**ആലായ്ക്കൽ കുളമ്പ്**

ആലുവാ തൃക്കുന്നത്ത് സെമിനാരി കയ്യേറ്റത്തിൽ, ഇടവകയുടെ പ്രതിഷേധം, പെരുന്നാളിനോടനുബന്ധിച്ച് ചേർന്ന യോഗം പ്രകടിപ്പിച്ചു. അഭി. സഖറിയാ മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അധ്യക്ഷൻ ആയിരുന്നു. ഫാ. ഡോ. ജോസഫ് ചീരൻ, ഫാ. ബിജൂ ഐക്കരക്കുടിയിൽ എന്നിവർ പ്രസംഗിച്ചു.

**പരുമല**: മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദിക ട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ടും അൽമായ ട്രസ്റ്റിയായി എം.ജി. ജോർജ്ജ് മുത്തൂറ്റും തിരഞ്ഞെടുക്കപ്പെട്ടു. പ. ബാസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ പരുമല സെമിനാരി അങ്കണത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 1022 വോട്ടിന്റെ ഭൂരിപക്ഷത്തിനാണു

ഫാ. ജോൺസ് എബ്രഹാം കോനാട്ട് വിജയിച്ചത്. റോയി എം. മാത്യു മുത്തൂറ്റിനെതിരെ 1362 വോട്ടിന്റെ ഭൂരിപക്ഷമാണ്

എം.ജി. ജോർജ്ജ് മുത്തൂറ്റിനു ലഭിച്ചത്.

ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ അധ്യാപകനായ ഫാ. ജോൺസ് എബ്രഹാം കോനാട്ട് സഭാ മുൻവൈദിക ട്രസ്റ്റി കോനാട്ട് എബ്രഹാം മൽപാന്റെ പുത്രനാണ്. മുത്തൂറ്റ് ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ചെയർമാനാണ് എം.ജി. ജോർജ്ജ്.

തമിഴ്നാട് കേഡറിലെ സീനിയർ ഐഎഎസ് ഉദ്യോഗസ്ഥയായ ഒ. പി. ശോശാമ്മയായിരുന്നു വരണാധികാരി ഫസ്റ്റ് പ്രിഫറൻസ് വോട്ടിൽ ത്തന്നെ വൻ ഭൂരിപക്ഷം ലഭിച്ചതിനാൽ രണ്ടാം റൗണ്ട് വോട്ടെണ്ണൽ വേണ്ടിവന്നില്ല.

### പുതിയ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

**കൊച്ചി ഭദ്രാസനം**: റവ. ഫാ. ജിയോ ജോർജ്ജ്, റവ. ഫാ. ജോൺ പുലിക്കോട്ടിൽ, ശ്രീ. ബാബു സി. ജോർജ്ജ്, ശ്രീ. ജോൺ ചാളി, ശ്രീ. പി.കെ. തോമസ്

**തൃശ്ശൂർ ഭദ്രാസനം**: റവ. ഫാ. മാത്യൂ ജേക്കബ്, ശ്രീ. ടി.വി. പൗലോസ്, ശ്രീ. ജിജോ. പി. വർഗ്ഗീസ്

**കുന്നംകുളം ഭദ്രാസനം**:- റവ. ഫാ. എൻ.പി. കുരിയാക്കോസ്, റവ. ഫാ. സ്റ്റീഫൻ ജോർജ്ജ്, ശ്രീ. ടി.വി. തമ്പി, ശ്രീ. തമ്പാൻ കെ. കുരിയൻ, ശ്രീ. ടി.സി. ഗീവർഗ്ഗീസ്, ശ്രീ. കെ. വി. എബ്രഹാം

**മലബാർ ഭദ്രാസനം**:- റവ. ഫാ. അലക്സാണ്ടർ സി.പി., റവ. ഫാ. തോമസ് കുരിയൻ, ശ്രീ. ആൻഡ്രൂസ് സി.സി., ശ്രീ. കെ.ഐ. ജേക്കബ്, ശ്രീ. ജേക്കബ് മണി. പി., ശ്രീ. തോമസ് കാവിൽ.

**സുൽത്താൻ ബത്തേരി ഭദ്രാസനം**:– റവ. ഫാ. സണ്ണി തോമസ്സ്, റവ. ഫാ. രാജേഷ് കെ. ജോൺ, ശ്രീ. പൈലി, ശ്രീ. അലക്സാണ്ടർ കളത്തിൽ പടിചിറ, ശ്രീ. അയ്ജു മാത്യു, പ്രൊഫ. സണ്ണി മാത്യു

### ക്രിസ്ത്യൻ സ്റ്റഡിസെന്റർ ഭാരവാഹികൾ

പ്രസിഡന്റ് – ഫാ. സണ്ണി ചാക്കോ,
സെക്രട്ടറി – വിൽസൻ സി.സി.
പി.ആർ.ഒ. – മോഹനൻ
സർക്കുലേഷൻ –സി. സി. ജോർജ്ജ്, കെ.വി. എബ്രഹാം,



PDF Created with deskPDF PDF Writer - Trial :: http://www.docudesk.com

RNI Reg. No. KER. MAL/2003/10539 IDAVAKA PATHRIKA (Christian Family magazine) 2007 APRIL ANNUAL SUBSCRIPTION Rs. 100/- ONLY
"REGISTRED" POSTAL REGN. NO. KL/TCR/WPP-20 /2005-2008



Printed and Published by Wilson. C.C. On Behalf of Atmaposhini Publishers, Christian Study Centre Kunnamkulam, P.B. No. 2, Karikkad - 680 519.
Edited by K. C. Laughson (Editor in charge). Printed at Marvel Offset Printers, Akkikkavu. # 282930, 9895840906

PDF Created with deskPDF PDF Writer - Trial :: http://www.docudesk.com